**(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)**

**നം.കെ.എസ്.എ-ഐ.ഡി.കെ-13/984/2019**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ – 685 584
ഫോൺ : 04862-227332
*ഇ-മെയിൽ : doidk.ksad@kerala.gov.in*

തീയതി. 30.11.2019

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ്** (സെക്രട്ടറി മുഖേന)

ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്

സർ

**വിഷയം :- ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്**

******************************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **ഇടുക്കി-കഞ്ഞിക്കുഴി** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ **ഭാഗം 1, 3** എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23. 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

**പകർപ്പ് :**

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് , തിരുവനന്തപുരം(ഇ-മെയിൽ മുഖാന്തിരം).

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി-തൊടുപുഴ.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ-ഐ.ഡി.കെ-13/984/2019 തീയതി : 30.11.2019

**ഇടുക്കി ജില്ലയിലെ ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

****************************************

ഇടുക്കി ജില്ലയിലെ **ഇടുക്കി-കഞ്ഞിക്കുഴി** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് **10.12.2018** മുതൽ **13.10.2019** തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. **16** അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ **8** എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| **ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ** | ശ്രീമതി. ബേബി സനൂജ, ഡെപ്യൂട്ടി ഡയറക്ടർ |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 14.10.2019 മുതൽ 19.10.2019 വരെ |

| | | |
|---|---|---|
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ** | ശ്രീ. എം. റ്റി. സോമൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. മുഹ്സിൻ ഫൈസൽ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. അനീറ്റ പി. സാമുവൽ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ആർ. സാമുവൽ രാജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ബെന്നി മാത്യു | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ജോമോൻ ഫ്രാൻസിസ് | ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| **പ്രസിഡന്റ്** | ശ്രീമതി. ഷീബ ജയൻ | 01.04.2018 മുതൽ 23.11.2018 വരെ |
| | ശ്രീമതി. രാജേശ്വരി രാജൻ | 24.11.2018 മുതൽ 31.03.2019 വരെ |
| **സെക്രട്ടറി** | ശ്രീ. പി. ജി. പ്രദീപ് **(സെക്രട്ടറി)** | 01.04.2018 മുതൽ 06.10.2018 വരെ |
| | ശ്രീ. റോയിമോൻ റ്റി. ചാക്കോ<br>**അസി. സെക്രട്ടറി (അധിക ചുമതല)** | 07.10.2018 മുതൽ 10.10.2018 വരെ |
| | ശ്രീ. വി. വിനോദ്കുമാർ **(സെക്രട്ടറി)** | 11.10.2018 മുതൽ 20.01.2019 വരെ |
| | ശ്രീ. റോയിമോൻ റ്റി. ചാക്കോ<br>**അസി. സെക്രട്ടറി (അധിക ചുമതല)** | 21.01.2019 മുതൽ 10.02.2019 വരെ |
| | ശ്രീ. വി. വിനോദ്കുമാർ **(സെക്രട്ടറി)** | 11.02.2019 മുതൽ 31.03.2019 വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
| **കൃഷി ഓഫീസർ** | ശ്രീമതി. മീര മോഹൻ എൻ. | 01.04.2018മുതൽ 31.10.2018 വരെ |
| | ശ്രീ. ആനന്ദ് വിഷ്ണു പ്രകാശ് | 01.11.2018 മുതൽ 31.03.2019 വരെ |
| **വെറ്ററിനറി സർജൻ** | ഡോ. സാം എബ്രഹാം സി. എ. | 01.04.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)** | ഡോ. സരീഷ് ചന്ദ്രൻ | 01.04.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ (ഹോമിയോ)** | ഡോ. അൽസ എ. പി. | 01.04.2018 മുതൽ 21.07.2018 വരെ |
| | ഡോ. ക്രിസ്റ്റി ജോൺസൻ | 22.7.2018 മുതൽ 24.10.2018 വരെ |
| | ഡോ. ശാരിക കെ. യു. | 25.10.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ (ആയുർവേദം)** | ശ്രീമതി. ഡിജി പി. ഡി. | 01.04.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| ഐ. സി. ഡി. എസ്. സൂപ്പർവൈസർ | ശ്രീമതി. ഷിബുമോൾ മോഹനൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ഓമനക്കുട്ടൻ കെ. | 01.04.2018 മുതൽ 20.06.2018 വരെ |
| | ശ്രീ. അനു വസന്ത് | 21.06.2018 മുതൽ 12.07.2018 വരെ |
| | ശ്രീ. ബിനാഷ് തോമസ് | 13.07.2018 മുതൽ 31.03.2019 വരെ |
| വി. ഇ. ഒ. | ശ്രീ. സുനിൽ എം. എസ്. | 01.04.2018 മുതൽ 19.07.2018 വരെ |
| | ശ്രീ. മനോജ് കെ. | 20.07.2018 മുതൽ 16.01.2019 വരെ |
| | ശ്രീ. സിജോഷ് ജോർജ് | 17.01.2019 മുതൽ 31.03.2019 വരെ |
| അസി. എഞ്ചിനിയർ | ശ്രീമതി. മഞ്ജു വി. ആർ. | 01.04.2018 മുതൽ 24.07.2018 വരെ |
| | ശ്രീമതി. അമ്മു ചന്ദ്രൻ | 25.07.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. റോയിമോൻ റ്റി. ചാക്കോ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി. ഗീത വി. കെ. | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഖണ്ഡിക നം. | ഓഡിറ്റ് റിപ്പോർട്ട് |
|---|---|---|
| | | ഭാഗം – 1 (പൊതുഅവലോകനം) |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |

| | | |
|---|---|---|
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തര നിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷികകണക്കുകളിലെ അപാകതകൾ |
| 12 | 1-12 | കെട്ടിടവാടക ഈടാക്കാത്തത് സംബന്ധിച്ച് |
| 13 | 1-13 | ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ – വാടകയ്ക്ക് നൽകാത്തത് |
| 14 | 1-14 | വരവിനങ്ങളിലെ അപാകതകൾ |
| 15 | 1-15 | സ്ഥിര നിക്ഷേപം – പലിശ മുതലിനൊപ്പം ചേർക്കുന്നില്ല |
| 16 | 1-16 | സാംഖ്യ-സഞ്ചയ പൊരുത്തക്കേടുകൾ |
| 17 | 1-17 | മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയില്ല |
| 18 | 1-18 | കഞ്ഞിക്കുഴി പുതിയ ബസ്റ്റാന്റ്, കംഫർട്ട് സ്റ്റേഷൻ എന്നിവ ലേലം ചെയ്തിട്ടില്ല |
| 19 | 1-19 | പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി റോഡ് നിർമ്മാണ പ്രവൃത്തികൾ സോളിംഗ് മാത്രമായി നടപ്പാക്കുന്നു |
| 20 | 1-20 | വിവിധ ആശുപത്രികളിലേക്ക് മരുന്ന് വാങ്ങൽ -മരുന്ന് ലഭ്യമായില്ല |
| 21 | 1-21 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ പ്രോജക്ടുകളിലെ - അപാകതകൾ |
| 22 | 1-22 | അഗതി രഹിത കേരളം പദ്ധതി – അവലോകനം |
| 23 | 1-23 | മുന്നൊരുക്കങ്ങളില്ലാതെ പഞ്ചായത്ത് ഓഫീസ് കെട്ടിടം പണി ആരംഭിച്ചു – പദ്ധതി പാതി വഴിയിൽ |
| 24 | 1-24 | ചുമതലയില്ലാത്ത പദ്ധതി നടപ്പാക്കുന്നതിന് തുക അനുവദിച്ച് നല്കി |
| 25 | 1-25 | വാഹന ഉപയോഗം – പരിപാലന ചെലവുകൾ വർദ്ധിക്കുന്നത് |

| | | |
|---|---|---|
| 26 | 1-26 | ക്ഷേമ പെൻഷനുകളിൽ യഥാസമയം നടപടികൾ സ്വീകരിക്കുന്നില്ല |
| 27 | 1-27 | മരാമത്ത് പ്രവൃത്തികൾ - വ്യാപകമായി എസ്റ്റിമേറ്റ് പുതുക്കുന്നു |
| 28 | 1-28 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല |
| 29 | 1-29 | ദേശീയ തൊഴിലുറപ്പ് പദ്ധതി - വനം വന്യജീവി വകുപ്പിന്റെ അനുമതി കൂടാതെ വനമേഖലയിൽ റോഡ് നിർമ്മാണം - പഞ്ചായത്ത് ഫണ്ടിന് നഷ്ടം |
| 30 | 1-30 | ലൈഫ് പദ്ധതി – അവലോകനം |
| 31 | 1-31 | പ്രത്യേക ഉദ്ദേശങ്ങൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു |
| 32 | 1-32 | ലൈഫ് ഭവന പദ്ധതി |
| 33 | 1-33 | വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കാതെ ക്രമവിരുദ്ധമായി കാലാവധിയിൽ ഇളവ് അനുവദിച്ചു |
| | | **ഭാഗം 2 – (വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ)** |
| | | **– ഇല്ല -** |
| | | **ഭാഗം 3 – (ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ)** |
| 34 | 3-1 | ലൈഫ് ഭവന പദ്ധതി – സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി അധിക ധനസഹായം നൽകി – നഷ്ടം ₹1,10,000/- |
| 35 | 3-2 | വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കാതെ ക്രമവിരുദ്ധമായി കാലാവധിയിൽ ഇളവ് അനുവദിച്ചു |
| 36 | 3-3 | 60 വയസ്സ് കഴിഞ്ഞവർക്ക് കട്ടിൽ – സർക്കാർ പരിധിയിലും അധികരിച്ച് വാങ്ങൽ നടത്തിയിരിക്കുന്നു |
| | | **ഭാഗം – 4 (പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും)** |
| 37 | 4-1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 38 | 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 39 | 4-3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |

| | | |
|---|---|---|
| 40 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 41 | 4-5 | വായ്പ/വായ്പ തിരിച്ചടവ് |
| 42 | 4-6 | സ്ഥിര നിക്ഷേപം |
| 43 | 4-7 | ഓഡിറ്റ് റിക്കവറി |
| 44 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 45 | 4-9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 46 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 47 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 48 | അനുബന്ധം - 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |


## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 17.03.2018ൽ അവതരിപ്പിക്കുകയും 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തു.

30.01.2019 ലെ 1- ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചു.

| | |
|---|---|
| പ്രാരംഭ ബാക്കി | ₹2,92,05,098 |
| പ്രതീക്ഷിത വരവ് | ₹32,89,92,231 |
| പ്രതീക്ഷിത ചെലവ് | ₹35,28,39,250 |
| നീക്കിബാക്കി | ₹53,58,079 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 31.07.2019 | 25.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹3,32,78,498 |
| വരവ് | ₹13,04,19,082 |
| ആകെ | ₹16,36,97,580 |
| ചെലവ് | ₹10,57,73,778 |
| നീക്കിയിരിപ്പ് | ₹5,79,23,802 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| **വികസന ഫണ്ട് -** ജനറൽ **(ACR പ്രകാരം)** | | 0 | 32986000 | 32986000 | 28262569 | 4723431 |
| **വികസന ഫണ്ട് -** എസ്.സി.പി **(ACR പ്രകാരം)** | | 0 | 2738000 | 2738000 | 2623997 | 114003 |
| **വികസന ഫണ്ട് -** ടി.എസ്.പി**(ACR പ്രകാരം)** | | 0 | 6372000 | 6372000 | 6136931 | 235069 |
| **മെയിന്റനൻസ് –** റോഡ്**(ACR പ്രകാരം)** | | 0 | 13189000 | 13189000 | 6188993 | 7000007 |
| **മെയിന്റനൻസ് –** നോൺ-റോഡ്**(ACR പ്രകാരം)** | | 0 | 6249000 | 6249000 | 5893982 | 355018 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് **(ACR പ്രകാരം)** | | 0 | 18028793 | 18028793 | 7470620 | 10558173 |
| ജനറൽ പർപ്പസ് ഫണ്ട് | | 0 | 11855136 | 11855136 | 11855136 | 0 |
| ബി-ഫണ്ട് | | 0 | 87600 | 87600 | 87600൧ | 0 |
| എം.ജി. എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 98772807 | 98772807 | 98772807 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 583854 | 4454893 | 5038747 | 4988377 | 50370 |
| മറ്റ് കേന്ദ്രാവിഷ്കൃത | സമ്പൂർണ്ണ ശുചിത്വം | 164500 | 1300000 | 1464500 | 174500 | 1290000 |
| | ഐ.സി.ഡി.എസ് | 720609 | 1041171 | 1761780 | 966990 | 794790 |

| | | | | | | |
|---|---|---|---|---|---|---|
| ഫണ്ടുകൾ | പശ്ചിമഘട്ട വികസനം | 723946 | 24732 | 748678 | 0 | 748678 |
| | എസ്.എസ്.എ | 42816 | 1519 | 44335 | 0 | 44335 |
| മറ്റ് സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | സാക്ഷരത | 1614 | 68230 | 68844 | 30 | 68814 |
| | ശുചിത്വ മിഷൻ | 0 | 1109968 | 1109968 | 0 | 1109968 |
| ആയുർവ്വേദ ഡിസ്പെൻസറി അറ്റകുറ്റപ്പണി | | 1001000 | 0 | 1001000 | 194342 | 806658 |
| ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | | 0 | 281826 | 281826 | 0 | 281826 |
| മറ്റ് എജൻസികളിൽ നിന്നുള്ള ധനസഹായം | | 11588 | 116 | 11704 | 0 | 11704 |
| ആയുർവ്വേദ ഹോസ്പിറ്റൽ നിർമ്മാണം | | 0 | 400000 | 400000 | 0 | 400000 |
| Development Fund general Capital | | 0 | 3760336 | 3760336 | 0 | 3760336 |
| കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | | 0 | 2500000 | 2500000 | 0 | 2500000 |
| ജില്ലാപഞ്ചായത്ത് വിഹിതം | | 829262 | (*)4214384 | 5043646 | 2477178 | 2566468 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | | 700000 | 1973425 | 2673425 | 0 | 2673425 |
| വരൾച്ചാ ദുരിതാശ്വാസ ഫണ്ട് | | 38000 | 0 | 38000 | 0 | 38000 |
| ജവഹർഭവന പദ്ധതി | | 1000 | 0 | 1000 | 0 | 1000 |
| ലൈഫ് ഭവനപദ്ധതി | | 740000 | 3351191 | 4091191 | 0 | 4091191 |
| ലൈഫ് ഭവന പദ്ധതി (കാനറ ബാങ്ക്) | | 400000 | 27261167 | 27661167 | 26841600 | 819567 |
| എം. എൽ. എ. ഫണ്ട് | | 50041 | 455 | 50496 | 455 | 50041 |
| വിമുക്തി | | 25000 | 50000 | 75000 | 25000 | 50000 |
| ട്രഷറി – റ്റി. എസ്. ബി. | | 21312354 | 12136962 | 33449316 | 7560155 | 25889161 |
| **തനത് ഫണ്ട്** – ബാങ്ക് | | 1400991 | 8059949 | 9460940 | 2251063 | 7209877 |
| ജലനിധി | | 988983 | 908605 | 1897588 | 997825 | 899763 |
| WGDP | | 125166 | 0 | 125166 | 125166 | 0 |
| പട്ടികജാതി കോളനി – സാംസ്കാരിക നിലയം | | 0 | 1500000 | 1500000 | 1500000 | 0 |

(*)ജില്ലാപഞ്ചായത്ത് വിഹിതം നിക്ഷേപിക്കുന്നതിനായി ഇടുക്കി ജില്ലാ സഹകരണ ബാങ്കിലുള്ള 00001 അക്കൌണ്ടിൽ തൻവർഷം പലിശയിനത്തിൽ ലഭിച്ച ₹37,206/- ഉൾപ്പെടെ ₹42,14,384/- തൻവർഷ വരവിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 248 | 230057293 | 134 | 75626964 | 0 | 114 | 54.03 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിശദാംശങ്ങൾ

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 2 | 4712535 | 309623 | 6.57 |
| വെറ്ററിനറി സർജൻ | 4 | 1 | 3210000 | 1241600 | 38.68 |
| മെഡിക്കൽ ഓഫീസർ (PHC) | 5 | 5 | 1250000 | 1250000 | 100 |
| മെഡിക്കൽ ഓഫീസർ (ISM) | 1 | 1 | 1200000 | 1200000 | 100 |
| മെഡിക്കൽ ഓഫീസർ (Homoeo) | 1 | 1 | 800000 | 800000 | 100 |
| VEO | 14 | 13 | 129972000 | 31099388 | 23.93 |
| ICDS സൂപ്പർവൈസർ | 11 | 8 | 7306105 | 4742634 | 64.91 |
| ഹെഡ് മാസ്റ്റർ | 8 | 4 | 2430000 | 1477914 | 60.82 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 4000000 | 3500000 | 87.5 |
| സെക്രട്ടറി | 44 | 21 | 23718466 | 10502503 | 44.28 |
| അസി. സെക്രട്ടറി | 11 | 7 | 4570000 | 1877447 | 41.08 |
| അസി. എൻജിനിയർ, LSGD | 143 | 70 | 46888187 | 17625855 | 37.59 |
| ആകെ | 248 | 134 | 230057293 | 75626964 | 32.87 |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 583854 | 4454893 | 5038747 | 4988377 | 50370 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 98772807 | 98772807 | 98772807 | 0 |

### 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 6934800 | 1667 |
| വിധവ പെൻഷൻ | 10995600 | 2592 |
| വാർദ്ധക്യകാല പെൻഷൻ | 24974900 | 5560 |
| വികലാംഗ പെൻഷൻ | 4314900 | 1027 |
| 50 വയസ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 262000 | 60 |
| തൊഴിൽരഹിത വേതനം | 57600 | 17 |

### 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.10.2019ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹3,469/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-9 ആഭ്യന്തര നിയന്ത്രണം

- ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റ് തുകകൾ തിരികെ നൽകുമ്പോൾ രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല.

- തനത് ഫണ്ട് സൂക്ഷിക്കുന്നതിന് നിലവിൽ നാല് അക്കൌണ്ടുകളാണ് ഗ്രാമപഞ്ചായത്തിലുള്ളത്. തനത് ഫണ്ട് ഒന്നിലധികം ബാങ്ക് അക്കൌണ്ടുകളിൽ നിക്ഷേപിക്കരുതെന്ന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26.05.2011-ലെ 58725/എഫ്.എം.3/2008 നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുള്ള താണ്. മേൽ സർക്കുലറിലെ വ്യവസ്ഥയ്ക്കനുസൃതമായി തനത് ഫണ്ട് ഒരു ബാങ്ക് അക്കൌണ്ടിൽ മാത്രം നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സേവനം നൽകി വരുന്നു. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലികൾ ക്രമീകരിച്ചിട്ടുണ്ട്. കാര്യക്ഷമമായ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തപ്പെടുന്നു.
- വരവിനങ്ങളുടെ ഡി.സി.ബി. രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല.

അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.4.2019 | മാർച്ച് 2019 | 20.5.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.4.2014 | 2013-14 | 2.8.2014 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1. വസ്തു നികുതിയുടെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വരവ് കണക്കുകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| വസ്തു നികുതി | കുടിശ്ശിക | വാർഷിക കണക്കുകൾ പ്രകാരം | സഞ്ചയ പ്രകാരം |
|---|---|---|---|
| Non Residential | Arrears | 650812 | 699909 |
| | Current | 1071917 | 1232593 |
| Residential | Arrears | 790644 | 754906 |
| | Current | 1657174 | 1450242 |

1. വാടക കടിശ്ശിക, ഡി. & ഒ. ട്രേഡ് ലൈസൻസ് ഫീസ്, തൊഴിൽ നികുതി, ബിൽഡിംഗ് പെർമിറ്റ് എന്നിവയുടെ ഡി.സി.ബി. വാർഷിക കണക്കുകളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

2. ഡെവലപ്മെന്റ് ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട് എന്നീ ഇനങ്ങളുടെ വരവ് വാർഷിക കണക്കിലെ ആർ.പി-7 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക കണക്കുകൾ പ്രകാരം | എ.സി.ആർ. പ്രകാരം |
|---|---|---|
| ഡെവലപ്പമെന്റ് ഫണ്ട് (പൊതുവിഭാഗം) | 28196871 | 28262569 |
| ജനറൽ പർപ്പസ് ഫണ്ട് | 12136962 | 11855136 |

1. വാർഷിക കണക്കിലെ ബി-12 ഷെഡ്യൂളിൽ നിക്ഷേപം ഇനത്തിൽ കാണിച്ചിരിക്കുന്ന തുകകൾ പഞ്ചായത്തിലെ രേഖകൾ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| വാർഷിക കണക്കുകൾ പ്രകാരം | ₹20,64,425 |
| രേഖകൾ പ്രകാരം | ₹23,21,239 |

1. പെൻഷൻ രേഖകൾ ഹാജരാക്കാത്തതിനാൽ ഈ ഇനത്തിലുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

2. എസ്.ബി.ഐ. – ഇ-പേയ്മെന്റ്, ഐ.ഡി.സി.ബി. – ജില്ലാപഞ്ചായത്ത് വിഹിതം, എസ്.ബി.ഐ. – തനത് ഫണ്ട് എന്നിവയുടെ റിക്കൺസിലിയേഷൻ ബാങ്ക് സ്റ്റേറ്റ്മെന്റിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

3. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

4. വാർഷിക കണക്കിൽ ഡിപ്രീസിയേഷൻ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല.

5. ക്യാപ്പിറ്റൽ വർക്ക്-ഇൻ-പ്രോഗ്രസ് എന്നയിനത്തിൽ വാർഷിക കണക്കിൽ തുക ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല.

6. കടിശ്ശിക തുകകൾക്ക് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

7. ബി-4 ഷെഡ്യൂളിൽ പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച വിവിധ ഫണ്ടുകളിലെ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകൾ ഏതൊക്കെ അക്കൌണ്ടുകളിലാണ് സൂക്ഷിച്ചിരിക്കുന്നതെന്ന് വ്യക്തമായി നിർണ്ണയിക്കാനായില്ല.

8. ബി-9 ഷെഡ്യൂൾ പ്രകാരം അദർ ലയബിലിറ്റീസ് എന്ന ഹെഡിൽ ₹57,85,437/- ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ അതിന്റെ വിശദാംശംങ്ങൾ ലഭ്യമല്ല.

9. ബി-15 ഷെഡ്യൂളിൽ D&O ലൈസൻസ് എന്ന ഇനത്തിൽ തൻവർഷ തുകയായി ₹5,000/-യും മുൻവർഷങ്ങളിലെ

തുകയായി ₹1,94,840/-യും പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി കാണുന്നു. D&O ഇനത്തിൽ പിരിച്ചെടുക്കുന്ന തുക തന്നെയാണ് ഡിമാന്റ് ആയി ഉൾപ്പെടുത്തേണ്ടത് എന്നതിനാൽ ബാലൻസിൽ ഈ തുക ഉണ്ടാകാൻ സാധ്യതയുള്ളതല്ല.

10. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് നിർമ്മിതിക്ക് കൈമാറിയ **12 ലക്ഷം** രൂപ സോളാർ പാനൽ സ്ഥാപിക്കുന്നതിന് അനർട്ടിന് നൽകിയ **19 ലക്ഷം** രൂപ എന്നിവ ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

11. ലോൺ രജിസ്റ്റർ പ്രകാരമുള്ള തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. തിരിച്ചടവ് തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

12. **സ്ഥിര നിക്ഷേപം** – രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവും വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം പൊരുത്തപ്പെടുന്നില്ല.

## 1-12 കെട്ടിട വാടക ഈടാക്കാത്തത് സംബന്ധിച്ച്

2018-19 വർഷം വാടകയിൽ കുടിശ്ശിക വരുത്തിയ കുത്തകക്കാരുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| മുറി നം. | വാടകക്കാരൻ | പ്രതിമാസവാടക/ എഗ്രിമെന്റ് തീയതി | കുടിശ്ശിക |
|---|---|---|---|
| 1 കീരിത്തോട് | ജോസ് മത്തായി, കാഞ്ഞിരംതാനത്ത് | 3161/20-6-2018 | 3161x12 = ₹37,932/- (4/2018 - 3/2019) |
| 12 b കീരിത്തോട് | ശ്യാംകുമാർ റ്റി. എസ്, തോമരക്കാക്കുഴിയിൽ | 2454/20-6-2018 | 2454x12 =₹29,448/- (4/2018 – 3/2019) |
| 21 F കീരിത്തോട് | ശ്യാംകുമാർ റ്റി. എസ്, തോമരക്കാക്കുഴിയിൽ | 1050/13-08-2018 | 1050x7 = ₹7,350/- (9/2018 – 3/2019) |
| 21 C കീരിത്തോട് | അനു റ്റി. ആർ, തോമരക്കാക്കുഴിയിൽ | 607/10-05-2018 | 607x6 = ₹3,642/- (10/2018 – 3/2019) |
| 4 കഞ്ഞിക്കുഴി | വനജ വിജയൻ(കുടുംബശ്രീ), കൈപ്പൻ പ്ലാക്കൽ | 2315/23-05-2018 | 2315x9 = ₹20,835/- (7/2018 – 3/2019) |
| 5 കഞ്ഞിക്കുഴി | വിഷ്ണു കെ. വിജയൻ, കൈപ്പൻ പ്ലാക്കൽ | 2000(23-05-2018) | 2000x9 = ₹18,000/- (7/2018 – 3/2019) |
| | | **ആകെ** | **₹1,17,207/-** |

മേൽ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 1) ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കുന്നതിന്

റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചതായി അറിയിച്ചിട്ടുണ്ട്. തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-13 ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകയ്ക്ക് നൽകാത്തത്

ഗ്രാമപഞ്ചായത്തിൽ തൻവർഷം വാടകയ്ക്ക് നല്കാതെ ഒഴിവായിക്കിടക്കുന്ന മുറികളുടെ വിവരം താഴെ ചേർക്കുന്നു.

| |
|---|
| കീരിത്തോട് ഷോപ്പിംഗ് കോംപ്ലക്സ് |
| മുറി നം. 5, 7, 20, 23, 25 |
| കഞ്ഞിക്കുഴി ഷോപ്പിംഗ് കോംപ്ലക്സ് |
| മുറി നം. 6 |
| അട്ടിക്കളം ഷോപ്പിംഗ് കോംപ്ലക്സ് |
| മുറി നം. 1, 2 |

മേൽ കടമുറികൾ വാടകയ്ക്ക് നല്കുവാൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതി ഉചിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-14 വരവിനങ്ങളിലെ അപാകതകൾ

**ഡി. ആന്റ് ഒ. ട്രേഡ് ലൈസൻസ് ഫീസ്**

ഡി. ആന്റ് ഒ. ട്രേഡ് ലൈസൻസ് ഫീസ് രജിസ്ററർ പ്രകാരം തൻവർഷം 247 പേർക്കാണ് ലൈസൻസ് നല്കിയിട്ടുള്ളത്. എന്നാൽ സഞ്ചയയിൽ നിന്ന് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം വാണിജ്യാവശ്യത്തിന് പഞ്ചായത്ത് പരിധിയിൽ ആയിരത്തിൽ പരം കെട്ടിടങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് നിയമം വകുപ്പ് സെക്ഷൻ 232(1) പ്രകാരം സെക്രട്ടറി നല്കുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല. ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന ഡി.സി.ബി തുകകൾ ധനകാര്യ പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്കിലെ ബി-15 പത്രിക പ്രകാരം ഈയിനത്തിൽ കറണ്ട് അരിയർ തുകകൾ യഥാക്രമം ₹5,000/-, ₹1,94,890/- എന്നിങ്ങനെ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. ലൈസൻസ് കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ലായെന്നിരിക്കെ ഈയിനത്തിൽ കുടിശ്ശികയുണ്ടായതെങ്ങനെയെന്ന് വിശദീകരിക്കേണ്ടതാണ്.

**തൊഴിൽ നികുതി**

രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന ഡി.സി.ബി. തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. ഗ്രാമപഞ്ചായത്തിൽ സ്ഥാപന/ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ചട്ടപ്രകാരമുള്ള സ്ഥാപന/ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും വരുമാന ചോർച്ച തടയേണ്ടതുമാണ്. ഷെഡ്യൂൾ B-15 പ്രകാരംതൊഴിൽ നികുതിയിനത്തിൽ തൻവർഷ കുടിശ്ശിക തുകകൾ യഥാക്രമം ₹15,000/, ₹13,69,367/ എന്നിങ്ങനെ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. കുടിശ്ശിക തുകകൾ കാലഹരണപ്പെട്ടുപോകാതെ പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**വസ്തുനികുതി**

വസ്തുനികുതിയുടെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വരവ് കണക്കുകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ-

| | വാർഷിക കണക്ക് പ്രകാരം | സഞ്ചയപ്രകാരം |
|---|---|---|
| റസിഡൻഷ്യൽ | 790644(arrear) | 754906(arrear) |
| | 1657174(current) | 1450242(current) |
| നോൺ റസിഡൻഷ്യൽ | 650812(arrear | 699909(arrear) |
| | 1071917(current) | 1232593(current) |

### 1-15 സ്ഥിര നിക്ഷേപം പലിശ മുതലിനൊപ്പം ചേർക്കുന്നില്ല

ഇടുക്കി ജില്ലാ സഹകരണ ബാങ്കിൽ ഗ്രാമപഞ്ചായത്തിന് താഴെ വ്യക്തമാക്കുന്ന രണ്ട് സ്ഥിര നിക്ഷേപങ്ങളുണ്ട്.

| ക്രമ നം | നിക്ഷേപിച്ച തുക | നിക്ഷേപിച്ച തീയതി | നിക്ഷേപ കാലയളവ് | ഇപ്പോൾ അവശേഷിക്കുന്ന തുക ₹ | അഭിപ്രായക്കുറിപ്പുകൾ. |
|---|---|---|---|---|---|
| 1 | 1000000.00 | 27.8.2008 | 12 മാസം | 1677004.00 | 27.08.2017ലെ തുക |
| 2 | 500000.00 | 25.11.2009 | 60 ദിവസം | 644235.00 | 08.11.2013ലെ തുക |

മേൽ നിക്ഷപങ്ങളുടെ രജിസ്റ്ററുകൾ, സർട്ടിഫിക്കറ്റുകൾ എന്നിവ പരിശോധിച്ചതിൽ ക്രമ നം 1 പ്രകാരമുള്ള നിക്ഷേപത്തിന്റെ 2015 മുതലുള്ള പലിശയും ക്രമ നം. 2 പ്രകാരമുള്ള നിക്ഷേപത്തിന്റെ 2013 മുതലുള്ള പലിശയും മുതലിനോട് കൂട്ടിയിട്ടില്ല. പകരം ഈ കാലയളവിലുള്ള പലിശ ഗ്രാമപഞ്ചായത്തിന്റെ തന്നെ സേവിംഗ്സ് ബാങ്ക് അക്കൌണ്ടിലേയ്ക്ക് മാറ്റുകയാണ് ചെയ്തിട്ടുള്ളത്. ഇപ്രകാരം പലിശ പ്രത്യേക അക്കൌണ്ടിലേയ്ക്ക് മാറ്റിയത് ഗ്രാമപഞ്ചായത്ത് നൽകിയ ഏതെങ്കിലും നിർദേശത്തിന്റെ അടിസ്ഥാനത്തിലല്ല എന്നാണ് അക്കൌണ്ടന്റ് വ്യക്തമാക്കിയത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4) മറുപടി ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ നിർദേശമില്ലാതെ സ്ഥിരനിക്ഷേപത്തിന്റെ പലിശ മറ്റ് അക്കൌണ്ടുകളിലേയ്ക്ക് മാറ്റിയതിന് ബാങ്കിനോട് വിശദീകരണം തേടേണ്ടതും കൃത്യമായ പലിശ കണക്കാക്കി ഫണ്ടിൽ വരവ് വെയ്പ്പിക്കുകയും നിലവിലുള്ള ബാങ്കിൽ നിന്നും പിൻവലിച്ച് എതെങ്കിലും ദേശസാത്കൃത ബാങ്കിലേയ്ക്ക് മാറ്റി നിക്ഷേപിക്കേണ്ടതുമാണ്. 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇത് സംബന്ധിച്ച് വ്യക്തമായ പരാമർശമുണ്ടായിരുന്നുവെങ്കിലും ഗ്രമാപഞ്ചായത്തിന്റെ ഭാഗത്തുനിന്നും യാതൊരു വിധ നടപടികളും സ്വീകരിച്ചിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ജനറൽ കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 1-16 സാംഖ്യ-സഞ്ചയ പൊരുത്തക്കേടുകൾ

**1) സഞ്ചയ സോഫ്റ്റ് വെയർ - അവലോകനം**

ഏതൊരു സോഫ്റ്റ് വെയറിലും അതുപയോഗിക്കുന്ന സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് സഹായകമാകുന്ന രീതിയിൽ ആവശ്യമായ റിപ്പോർട്ടുകളും ഓർമ്മപ്പെടുത്തലുകളും ലഭ്യമായിരിക്കും. എന്നാൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഉപയോഗിച്ച് വരുന്ന സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗിക്കുമ്പോഴുള്ള പ്രായോഗിക പ്രശ്നങ്ങൾ താഴെപ്പറയുന്നു :

i) സ.ഉ.(എം.എസ്.) നം. 144/15/ത.സ്വ.ഭ.വ/തീയതി. 27/04/2015 പ്രകാരം, 660 സ്ക്വയർ ഫീറ്റ് വരെ തറ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളെ 2015-16 മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുമ്പോഴും, 02.07.2013 ലെ ജി.ഒ.(എം. എസ്.) നം. 242/13 നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം, വിമുക്ത ഭടൻമാരുടെയോ അവരുടെ ഭാര്യ/വിധവ അല്ലെങ്കിൽ ഏറ്റുമുട്ടലിൽ അംഗവൈകല്യം സംഭവിച്ച ജവാൻ/അവരുടെ വിധവ എന്നിവരുടെ യഥാർത്ഥ താമസത്തിനുപയോഗിക്കുന്ന ഭവനങ്ങളുടെ വസ്തു നികുതി ഒഴിവാക്കുമ്പോഴും അപേക്ഷകന് പഞ്ചായത്തിൽ വേറെ വാസഗൃഹങ്ങളുണ്ടോയെന്നും കേരളത്തിലെ മറ്റ് പഞ്ചായത്തുകൾ/നഗരസഭകൾ എന്നിവയിൽ നിന്ന് ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ടോയെന്നും പരിശോധിക്കുന്നതിനോ യാതൊരു സംവിധാനവും സഞ്ചയ-യിലില്ല.

ii) വിമുക്ത ഭടൻമാരുടെ 2000 ച. അടിയിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളുടെ 2000 ച. അടിയിൽ കൂടുതലായി വരുന്ന വിഭാഗത്തിനു നികുതി ഈടാക്കുന്നതിനും സഞ്ചയ-യിൽ സംവിധാനമില്ല.

iii) 09.07.2015ലെ സ.ഉ.(എം.എസ്.)231/15/തസ്വഭവ. പ്രകാരം, 1975ലെ കേരള കെട്ടിട നികുതി നിയമം വകുപ്പ് 5(എ) പ്രകാരമുള്ള ആഢംബര നികുതി ബാധകമായ കെട്ടിടങ്ങൾക്ക് മുൻ വർഷത്തെ ആഢംബര നികുതി അടച്ച രസീതിന്റെ പകർപ്പ് ഹാജരാക്കിയാൽ മാത്രമേ വസ്തു നികുതി ഈടാക്കാൻ പാടുള്ളൂ. ഫ്രണ്ട് ഓഫീസിൽ നികുതി സ്വീകരിക്കുമ്പോൾ, ഇക്കാര്യം പരിശോധിക്കുന്നതിന് സഞ്ചയയിൽ സൗകര്യമില്ല.

iv) ഒരേ ഉടമസ്ഥന്റെ പേരിലുള്ള മുഴുവൻ കെട്ടിടങ്ങളുടെ വിവരങ്ങളും ലഭിക്കുന്നില്ല. ഒന്നിലധികം കെട്ടിടങ്ങളുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ ധാരാളമുണ്ട്. എന്നാൽ ഒരാളുടെ പേരിലുള്ള മുഴുവൻ കെട്ടിടങ്ങളുടേയും നികുതി വിവരങ്ങൾ ഒന്നിച്ച് ലഭ്യമാക്കാത്തതിനാൽ ഓരോന്നിനും പ്രത്യേകം ഡിമാന്റ് നോട്ടീസ് തയ്യാറാക്കി നൽകേണ്ടിവരുന്നത് മനുഷ്യ വിഭവശേഷി നഷ്ടപ്പെടുത്താൻ ഇടയാക്കുന്നു.

v) **സാംഖ്യ-സഞ്ചയ സമന്വയം** : ഫ്രണ്ട് ഓഫീസിൽ നികുതി സ്വീകരിക്കുമ്പോൾ, സഞ്ചയ-യിൽ പോസ്റ്റിംഗ് വരുമെങ്കിലും, ഏതെങ്കിലും കാരണത്താൽ രസിത് ക്യാൻസൽ ചെയ്താലും, സഞ്ചയ-യിലെ പോസ്റ്റിംഗ് മാറുന്നില്ല.

vi) പരമ്പരാഗത രസീതുപയോഗിച്ചാണ് നിലവിൽ ക്യാമ്പ് കളക്ഷൻ, ഔട്ട് ഡോർ കളക്ഷൻ, സാംഖ്യ പ്രവർത്തന രഹിതമാകുമ്പോൾ ഓഫീസിൽ പണം സ്വീകരിക്കൽ എന്നിവ നടത്തുന്നത്. ഇപ്രകാരം മാന്വൽ ആയി പിരിച്ചെടുക്കുന്ന തുകകൾ പിരിച്ചെടുത്ത വ്യക്തിയുടെ പേരിൽ ആകെ തുക സാംഖ്യയിൽ വരവ് വെയ്ക്കുകയും പിന്നീട് വസ്തു നികുതി സഞ്ചയ-യിൽ ഓരോ കെട്ടിട നമ്പരിനും നേരെ വരവ് വെയ്ക്കുകയും ചെയ്യുന്നു. ഇപ്രകാരം വരവ് വെയ്ക്കുമ്പോൾ ധാരാളം പിശകുകൾ സംഭവിക്കുന്നുണ്ട്.

വസ്തുനികുതി വരവ് സഞ്ചയയിലെ തുക സാംഖ്യ പ്രകാരമുള്ള യഥാർത്ഥ വരവിലും അധികരിച്ചതായി/കുറവായി രേഖപ്പെടുത്തിയിരിക്കുന്നത് സംബന്ധിച്ച് നടത്തിയ പരിശോധനയിൽ ഔട്ട് ഡോർ കളക്ഷൻ രസീത് പ്രകാരമുള്ള വരവിനേക്കാൾ കൂടിയ/കുറവ് തുക കെട്ടിട ഉടമയുടെ പേരിലും അല്ലാതെയും സഞ്ചയ-യിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നതായി കണ്ടെത്തി.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| 01.04.2018 മുതൽ 31.03.2019 വരെയുള്ള ഔട്ട് ഡോർ കളക്ഷൻ രസീതുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | രസീത് പ്രകാരം വരവ് | | | | സഞ്ചയ പ്രകാരം | | | | രസീത് പ്രകാരം ലഭിച്ച തുകയിൽ വ്യത്യാസം ₹ | | റിമാർക്സ് |
| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | കെട്ടിട ഉടമ | രസീത് നം./തീ. | ഈടാക്കിയ തുക ₹ | വാർഡ് നം./ കെട്ടിട നം. | കെട്ടിട ഉടമ | രസീത് നം./തീ. | ഈടാക്കിയ തുക ₹ | കൂടുതൽ | കുറവ് ₹ | |
| 1 | 10/120 | എൽദോസ് ഐസക്ക് കീപ്പക്കാട്ട് | 20/18392 30.03.19 | 196 | - | - | - | - | - | 196 | രസീത് പ്രകാരം പിരിച്ചെടുത്ത തുക സഞ്ചയ യിൽ വരവ് വന്നിട്ടില്ല |
| 2 | 10/116 | എൽദോസ് ഐസക്ക് കീപ്പക്കാട്ട് | 21/18392 30.03.19 | 206 | - | - | - | - | - | 206 | രസീത് പ്രകാരം പിരിച്ചെടുത്ത തുക സഞ്ചയ യിൽ വരവ് വന്നിട്ടില്ല |
| 3 | 12/165 | നളിനി ഇലവുങ്കൽ | 22/18392 30.03.19 | 1290 | - | - | - | - | - | 1290 | രസീത് പ്രകാരം പിരിച്ചെടുത്ത തുക സഞ്ചയ യിൽ വരവ് വന്നിട്ടില്ല |
| 4 | 1/218 | റജി എം.കെ മാമ്പറതെക്കേതിൽ | 86/18388 10.03.19 | 52 | - | - ഫിലിപ്പ് ജോർജ്ജ് കൊച്ചി ക്കുഴിയിൽ | - 71/18388 | - 1728 | - 468 | 52 - | രസീത് പ്രകാരം പിരിച്ചെടുത്ത തുക സഞ്ചയ യിൽ വരവ് |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | 22.02.19 | | | | വന്നിട്ടില്ല |
| 5 | 7/342എ | ഫിലിപ് ജോർജ്ജ് കൊച്ചികഴിയിൽ | 71/18388 22.02.19 | 1260 | 5/308 | മേരിക്കുട്ടി റ്റി.റ്റി വാമ്പറയിൽ | 71/18388 22.02.19 | 1728 | - | - | (*) |
| 6 | 13/436 | സോഫറാമ്മ മണപ്പാട്ട് | 65/18388 21.02.19 | 106 | 13/436 | സോഫറാമ്മ മണപ്പാട്ട് | 65/18388 21.02.19 | 107 | - | 1 | |
| 7 | 4/400 | എൽസി അലക്സാണ്ടർ അരിക്കാട്ട് | 53/1838 05.11.181 | 3820 | 4/400 | എൽസി അലക്സാണ്ടർ അരിക്കാട്ട് | 53/1838 05.11.181 | 1910 | - | 1910 | രസീത് പ്രകാരം പിരിച്ചെടുത്ത മുഴുവൻ തുകയും സഞ്ചയ യിൽ വരവ് വന്നിട്ടില്ല |
| 8 | 6/448 | ദിവാകരൻ വലിയവീട്ടിൽ | 15/18386 17.02.19 | 541 | 6/448 | ദിവാകരൻ വലിയവീട്ടിൽ | 15/18386 17.02.19 | 301 | - | 240 | രസീത് പ്രകാരം പിരിച്ചെടുത്ത മുഴുവൻ തുകയും സഞ്ചയ യിൽ വരവ് വന്നിട്ടില്ല |

വസ്തുനികുതി ഔഡ് ഡോർ കളക്ഷൻ സഞ്ചയയിൽ വരവ് രേഖപ്പെടുത്തിയതിൽ ഉണ്ടായിട്ടുള്ള അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1. **(*) ശ്രീ. ഫിലിപ് ജോർജ്ജിന്റെ പേരിൽ പിരിച്ചെടുത്ത തുക സഞ്ചയ പ്രകാരം ശ്രീമതി. മേരിക്കുട്ടി റ്റി. റ്റി.-യുടെ പേരിൽ പോസ്റ്റ് ചെയ്തിരിക്കുന്നു. എന്നാൽ ശ്രീമതി. മേരിക്കുട്ടിയുടെ വ്യക്തിഗത വസ്തുനികുതി അക്കൗണ്ടിൽ ഈ തുക വന്നിട്ടില്ല. രസീത് പ്രകാരം തുക പോസ്റ്റ് ചെയ്തതിലെ പിശകാണ് ഇത്. ശ്രീ. ഫിലിപ് ജോർജ്ജിന് വസ്തു നികുതി ഇനത്തിൽ ഈടാക്കിയ തുകയെക്കാൾ ₹468/- അധികമായി ഉൾപ്പെടുത്തിയിരിക്കുന്നു.**

## 1-17 മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയില്ല

പഞ്ചായത്തിലെ ബി.എസ്.എൻ.എൽ. ടവറിന്റെ വസ്തുനികുതി 2013 മുതൽ കുടിശ്ശികയാണ്.

| ടവർ | വാർഡ്/കെട്ടിടം | പ്രതിവർഷ ഡിമാന്റ് തുക ₹ നികുതി | ഗ്രന്ഥശാല വരി | ആകെ |
|---|---|---|---|---|
| ബി.എസ്.എൻ.എൽ | IV/251 | 7200 | 360 | 7560 |

2013 മുതലുള്ള വസ്തുനികുതി ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 കഞ്ഞിക്കുഴി പുതിയ ബസ് സ്റ്റാന്റ്, കംഫർട്ട് സ്റ്റേഷൻ എന്നിവ ലേലം ചെയ്തിട്ടില്ല

കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് കെ.യു.ആർ.ഡി.എഫ്.സി. ധന സഹായത്തോടെ നിർമ്മിച്ച ബസ് സ്റ്റാന്റ്, കംഫർട്ട് സ്റ്റേഷൻ എന്നിവയുടെ ഫീസ് പിരിവ് അവകാശം ഇതുവരെ ലേലം ചെയ്ത് നൽകിയിട്ടില്ല. ഇവയുടെ ശുചീകരണത്തിനായി പ്രതിമാസം ₹6,000/- നിരക്കിൽ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നുമുണ്ട്. ദിവസ വേതനാടിസ്ഥാനത്തിൽ തൊഴിലാളിക്ക് നൽകിയിട്ടുണ്ട്. വായ്പ ഇനത്തിൽ ഗണ്യമായ തുക തിരിച്ചടക്കേണ്ടതിനാൽ ഇവ ലേലം ചെയ്ത് നൽകാതെ ശുചീകരണത്തിനായി ഗണ്യമായ തുക ചെലവഴിക്കുന്നത് പഞ്ചായത്തിന് അധിക ബാധ്യതയായിരിക്കുകയാണ്. ബസ് സ്റ്റാന്റ്, കംഫർട്ട് സ്റ്റേഷൻ എന്നിവയുടെ നടത്തിപ്പ് ലേലം ചെയ്യുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കേണ്ടതാണ്. ഭരണ സമിതി ഇക്കാര്യത്തിൽ ഉചിത നടപടി സ്വീകരിക്കേണ്ടതാണ്.

### 1-19 പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി റോഡ് നിർമ്മാണ പ്രവൃത്തികൾ സോളിംഗ് മാത്രമായി നടപ്പാക്കുന്നു

റോഡ് നിർമ്മാണ വേളയിൽ സോളിംഗിന് മാത്രമായി പ്രത്യേക പ്രൊജക്റ്റ് ആവിഷ്കരിച്ച് നടപ്പാക്കരുതെന്ന് സർക്കാർ പദ്ധതി മാർഗനിർദ്ദേശങ്ങളിലൂടെ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന പ്രൊജക്ടുകൾ സോളിംഗിന് വേണ്ടി മാത്രം ആവിഷ്കരിച്ചതായി കാണുന്നു.

| ക്രമ നം. | പ്രൊജക്ട്& നമ്പർ | ബിൽ നം.& തീയതി |
|---|---|---|
| 1 | മുണ്ടക്കൽപടി തങ്കപ്പൻ സിറ്റി റോഡ്-തങ്കപ്പൻ സിറ്റി ഭാഗം സോളിംഗ്(208/19) | 40/18-19, 19-01-19 ₹299508/- |
| 2 | വാട്ടപ്പള്ളിപ്പടി മ്യാലിൽ പുത്തൻപുരയിൽ റോഡ് സോളിംഗ് (213/19) | 39/18-19, 19-01-19 ₹414787/- |
| 3 | ഏഴുകമ്പി റോഡ് സോളിംഗ് (216/19) | 49/18-19, 11-03-19 ₹412027/- |

സോളിംഗിന് മാത്രമായി പ്രത്യേക പ്രൊജക്ട് ആവിഷ്കരിക്കാതെ, ടാറിംഗ് വേലകൾ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിക്കത്തക്ക വിധത്തിൽ പ്രൊജക്ടുകൾ നടപ്പാക്കി തുടർ വർഷങ്ങളിലുണ്ടാകാവുന്ന അധിക ചെലവുകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ പ്രവൃത്തികളുടെ ടാറിംഗ് അടിയന്തിരമായി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-20 പി.എച്ച്.സി.-ക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായില്ല

പഞ്ചായത്തിലെ വിവിധ ആശുപത്രികളിലേക്ക് മരുന്ന് വാങ്ങുന്നതിനായി തൻവർഷം ₹8,92,550/- ചെലവഴിച്ചതിൽ

₹88,153/-യുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. ₹8,04,397/-യുടെ മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
|---|---|---|
| പ്രോജക്ട് നമ്പരും പേരും | 74/2019<br>പാലിയേറ്റീവ് കെയർ | 45/2019<br>ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| ബിൽ നമ്പർ/തുക | 7/18-19/21.12.2018<br>₹127050/- | 1/18-19/18.01.2019<br>₹800000/- |
| തുകയും നൽകിയ സ്ഥാപനവും | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ<br>₹127050/- | ഹോംകോ, ആലപ്പുഴ<br>₹800000/- |
| ലഭിച്ച മരുന്നിന്റെ വില | ₹88153/- | ഇല്ല |
| ലഭിക്കുവാനുള്ള മരുന്നിന്റെ വില | ₹4397/- | ₹800000/- |

## 1-21 ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രോജക്ടുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**(എ)**

| പദ്ധതിയുടെ പേര് | സായന്തനം പദ്ധതി |
|---|---|
| പദ്ധതി നം | 174/19 |
| അടങ്കൽ/ചെലവ് | ₹110000/-, ₹82715/- |

| | |
|---|---|
| ബിൽ നം. | 5/23.11.2018 |

മുതിർന്ന പൌരൻമാരുടെ ഒത്തുചേരൽ കലാ-കായിക മൽസരങ്ങൾ സംഘടിപ്പിക്കുക, മെഡിക്കൽ ക്യാമ്പ് എന്നിവയാണ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ മേൽ ബിൽ പ്രകാരം പിൻവലിച്ച ₹82715/-യും ഭക്ഷണ വിതരണത്തിനായി മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരുന്ന പ്രവർത്തനങ്ങൾ നടത്താതെ ഭക്ഷണ വിതരണം മാത്രം നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12)ന് മറുപടി ലഭ്യമാക്കിയല്ല. ആയതിനാൽ ₹82715/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**(ബി)**

| | |
|---|---|
| പദ്ധതിയുടെ പേര് | 60 വയസ് കഴിഞ്ഞവർക്ക് കട്ടിൽ |
| പദ്ധതി നം. | 67/19 |
| അടങ്കൽ/ചെലവ് | ₹765000/-, ₹761159/- |
| ബിൽ നം | 3/23.11.2019 |

60 വയസ് കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ നൽകുന്നതിന് ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും കട്ടിലൊന്നിന് ₹4500/- നിരക്കിൽ 175 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. ഫയലുകൾ പരിശോധിച്ചതിൽ 131 കട്ടിലുകൾ വിതരണം നടത്തിയതിന്റെ രേഖകൾ മാത്രമാണുള്ളത്. അവശേഷിക്കുന്ന 44 കട്ടിലുകൾ വിതരണം ചെയ്യാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ വിതരണം ചെയ്തിട്ടില്ലാത്ത 44 കട്ടിലുകളുടെ വിലയായ ₹198000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.02.2018ലെ ജി.ഒ.(എം.എസ്.)22/2018 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച 13-ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയുടെ 7.1.13.2 ഖണ്ഡിക അനുസരിച്ച്, കട്ടിൽ വാങ്ങാൻ ചെലവഴിക്കാവുന്ന തുകയുടെ പരമാവധി പരിധി ₹4350/-യാണ്. സർക്കാർ നിശ്ചയിച്ച പരിധിയിൽ അധികരിച്ച് വാങ്ങൽ നടത്തിയതിനാൽ ₹26250/-യുടെ ([4500-4350]x175) അധിക ചെലവുണ്ടായിട്ടുണ്ട്. ടി തുക ഉത്തരവാദിയായ ഐ.സി.ഡി.എസ്. സൂപ്പർവൈസറിൽ നിന്ന് ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്.

## 1-22 അഗതി രഹിത കേരളം പദ്ധതി

**(എ)**

| | | |
|---|---|---|
| പദ്ധതി/നമ്പർ | ആശ്രയ (ജനറൽ) (34/18-19) | |
| അടങ്കൽ | ₹400000/- | |
| ബിൽ വിശദാംശങ്ങൾ | 9/18-19/30.11.2019 | ₹400000/- |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. സെക്രട്ടറി |

ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട നിർധനരായ വ്യക്തികൾക്ക് അടിസ്ഥാന വികസന സൌകര്യത്തിന് ധനസഹായം നൽകുന്നതിനായി ആവിഷ്കരിച്ച ഈ പദ്ധതിക്കായി മേൽ സൂചിത ബില്ല് പ്രകാരം ₹4,00000/- വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് കുടുംബശ്രീ അക്കൗണ്ടിൽ നിക്ഷേപിച്ചുവെങ്കിലും ഇതുവരെ ചെലവഴിച്ചിട്ടില്ല. സാമ്പത്തികമായും സാമൂഹികമായും പിന്നിൽ നിൽക്കുന്നവർക്ക് സഹായം നൽകുവാൻ പിൻവലിച്ച തുക ചെലവഴിക്കാതെ അക്കൌണ്ടിൽ നിക്ഷേപിച്ചിരിക്കുന്ന നടപടി അംഗികരിക്കത്തക്കതല്ല. തുക ഫലപ്രദവും സമയബന്ധിതവുമായി വിനിയോഗിച്ച് വിവരം അറിയിക്കേണ്ടതാണ്.

**(ബി)**

ആശ്രയ രണ്ടാം ഘട്ട പദ്ധതിക്കുവേണ്ടി ഗ്രാമപഞ്ചായത്തിന് ലഭിച്ചതും ചെലവഴിച്ചതുമായ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ആശ്രയ ജനറൽ | ആശ്രയ പട്ടിക വർഗ്ഗം |
|---|---|---|
| ഗുണഭോക്താക്കളുടെ എണ്ണം | 44 | 92 |
| വരവ് | ₹4850425/- | ₹4044422/- |
| ചെലവ് | ₹555250/- | ₹3165430/- |
| നീക്കി ബാക്കി | ₹4295175/- | ₹878992/- |

ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്

| പദ്ധതി | ആശ്രയ ജനറൽ | ആശ്രയ പട്ടിക വർഗ്ഗം |
|---|---|---|
| ഭവന നിർമ്മാണം | 1 | 7 |
| ഭവനം അറ്റകുറ്റപ്പണി | 3 | 15 |
| കുടിവെള്ളം | 22 | 42 |
| സ്ഥലം വാങ്ങൽ | 0 | 1 |

അഗതി രഹിത കേരളം - (ജനറൽ), (പട്ടിക വർഗ്ഗം) പദ്ധതികൾക്കുവേണ്ടി കാനറബാങ്ക്, കഞ്ചിക്കോട് ശാഖയിൽ യഥാക്രമം 6418101005355, 6418101005362 എന്നീ നമ്പറുകളിലായി അക്കൗണ്ടുകൾ ആരംഭിക്കുകയും ആശ്രയ ഫണ്ടും ചലഞ്ച് ഫണ്ടും ഉൾപ്പെടെ യു.ബി.ഐ. ചേലച്ചുവട് ശാഖയിലെ 423102010008328 നമ്പർ അക്കൗണ്ടിലുണ്ടായിരുന്ന തുകയിൽ നിന്നും ₹2365400/- ജനറൽ വിഭാഗത്തിന്റെയും ₹5049268/- പട്ടിക വർഗ്ഗം വിഭാഗത്തിന്റെയും അക്കൗണ്ടുകളിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. ആയതിനുശേഷം പ്രസ്തുത അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്തത് ₹58148/- 05-10-2019-ൽ അവശേഷിക്കുന്നു. ആയത് പുതിയ അക്കൗണ്ടുകളിലേക്ക് ആനുപാതികമായി മാറ്റി യൂണിയൻ ബാങ്ക്

ഓഫ് ഇൻഡ്യയിലെ ആശ്രയ അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.

### 1-23 മുന്നൊരുക്കങ്ങളില്ലാതെ പഞ്ചായത്ത് ഓഫിസ് കെട്ടിടം പണി ആരംഭിച്ചു - പദ്ധതി പാതി വഴിയിൽ

| | |
|---|---|
| പദ്ധതി | ഗ്രാമപഞ്ചായത്ത് ഓഫീസ് നവീകരണം |
| പദ്ധതി നം. | 25/2018-19 (ബഹു വർഷം) |
| അടങ്കൽ തുക | **1 കോടി** |
| വികസന ഫണ്ട് | ₹45,33,800/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ₹2,75,000/- |
| തനത് ഫണ്ട് | ₹51,91,200/- |
| ആകെ | ₹1,00,00,000/- |
| ബിൽ നം.<br>തുക<br>തീയതി | 45/2018-19<br>₹12,00,000/-<br>27.03.2019 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്ത് ഓഫീസ് ഐ.എസ്.ഒ. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പഞ്ചായത്ത് ഓഫീസ് കെട്ടിടം നവീകരിക്കുന്നതിനുമായി 2018-19 വാർഷിക പദ്ധതിയിൽ 25/2019-ാം നമ്പർ പ്രോജക്ടായി **1 കോടി** വകയിരുത്തി വിഭാവനം ചെയ്ത പദ്ധതിയാണിത്.

ഡി.പി.സി. അംഗീകാരം ലഭിച്ച ഈ പ്രവൃത്തി നിർമ്മിതി കേന്ദ്രം മുഖേന നടത്തുന്നതിന് 24.04.2018ലെ സ.ഉ.(സാധാ)1171/2018/തസ്വഭവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി ലഭിച്ചിട്ടുള്ളതാണ്. 12.06.2018ലെ 12(1) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം നിർമ്മിതി കേന്ദ്രവുമായി കരാറിൽ ഏർപ്പെട്ടു. നിലവിലുള്ള ഓഫീസ് കെട്ടിടത്തിന് എതിർവശത്തുള്ള പകൽ വീട് വൃദ്ധ മന്ദിരത്തിന്റെ മുകൾ ഭാഗത്തും മുൻ വശത്തുമാണ് പദ്ധതി ആദ്യം വിഭാവനം ചെയ്ത് നിർവ്വഹണ ഉൽഘാടനം നടത്തിയത്. എന്നാൽ പൊതു ജനങ്ങളുടെ എതിർപ്പ് മൂലം 26.07.2018 (തീരുമാനം-1(1)ൽ ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മറ്റി പ്രസ്തുത തീരുമാനം പുന:പരിശോധിച്ച് പുതിയ എസ്റ്റിമേറ്റ് പ്രകാരം നിലവിലുള്ള പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിനോട് ചേർന്ന് സ്വന്തമായുള്ള 20 സെന്റ് സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തീരുമാനിച്ചു.

പുതിയ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനായി നിർമ്മിതി കേന്ദ്രം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി 1/14.03.2019 നമ്പരായി ഭരണാനുമതിയും, ടി.എസ്.നം 118892/18-19/(എസ്റ്റാ.)2019/13067 നമ്പരായി സാങ്കേതികാനുമതിയും ലഭിച്ചു. പുതുക്കിയ കരാർ ഉടമ്പടി പ്രകാരം പദ്ധതി നടത്തിപ്പിനായി വികസന ഫണ്ടിൽ നിന്നും ₹12,00,000/- മേൽ സൂചിത ബില്ല് പ്രകാരം പിൻവലിച്ച് മുൻകൂറായി നിർമ്മിതി കേന്ദ്രത്തിന് നൽകിയിട്ടുണ്ട്.

മൈനിംഗ് & ജിയോളജി വകുപ്പിന്റെ അനുവാദം വാങ്ങാതെ മണ്ണ് ഖനനം നടത്തിയതിനാൽ 2019 ജൂൺ ആദ്യം ആരംഭിച്ച പണി 07.06.2019 തീയതിയിലെ ഡി.ഒ.ഐ/103/എം./2019 നമ്പർ ഉത്തരവ് പ്രകാരം നിർത്തിവെയ്ക്കപ്പെട്ടു. അപ്രകാരം നിലച്ച പ്രവൃത്തി പിന്നീട് ഉടങ്ങിയിട്ടില്ല.

03/2019ൽ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച ഈ പ്രവൃത്തിയ്ക്കായി 27.03.2019ൽ ₹12,00,000/- മുൻകൂറായി നിർമ്മിതി കേന്ദ്രത്തിന് നൽകിയെങ്കിലും നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നത് 06/2019ൽ മാത്രമാണ്. പ്രവൃത്തി ആരംഭിക്കുവാനുണ്ടായ കാലതാമസത്തിനുള്ള കാരണം വ്യക്തമല്ല.

കൃത്യമായ മുന്നൊരുക്കങ്ങളില്ലാതെ നിർവ്വഹണം തുടങ്ങിയ പ്രവൃത്തി നിലവിൽ പൂർണ്ണമായും നിലച്ച സാഹചര്യത്തിൽ നിർമ്മിതി കേന്ദ്രത്തിന് നൽകിയ മുൻകൂർ തിരികെ ഈടാക്കിയിട്ടില്ല. ആയതിനാൽ മുൻകൂറായി നൽകിയ തുക ₹12,00,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 ചുമതലയില്ലാത്ത പദ്ധതി നടപ്പാക്കുന്നതിന് തുക അനുവദിച്ച് നല്കി

| | |
|---|---|
| **പദ്ധതി** | **സഹായഹസ്തം - കിഡ്നി രോഗികൾക്ക് ധനസഹായം – വിഹിതം നൽകൽ (75/19)** |
| **അടങ്കൽ** | ₹2,00,000/- |
| **ബിൽ വിശദാംശങ്ങൾ** | 02/18-19/19-07-2018 |
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

ഇടുക്കി ബ്ലോക്ക്പഞ്ചായത്ത് ആവിഷ്കരിച്ച സഹായഹസ്തം – കിഡ്നി രോഗികൾക്ക് ഡയാലിസിസിന് ധനസഹായം എന്ന പ്രോജക്ടിന് തൻവർഷം തുക നല്കണമെന്ന് ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറിയുടെ 26.05.2017ലെ പി1-1060/2017 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് വിഹിതമായി ₹2,00,000/- വകയിരുത്തി ആസൂത്രണം ചെയ്ത പ്രോജക്ടാണ്.

കിഡ്നി രോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകുകയെന്നത് വ്യക്തിഗത ആനുകൂല്യമാണ്. സർക്കാർ പ്രത്യേക ഉത്തരവ് വഴി അനുവദിച്ചവ ഒഴികെയുള്ള വ്യക്തിഗത ആനുകൂല്യങ്ങൾ നല്കുകയെന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടുന്നതല്ല.

കൂടാതെ, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.02.2018ലെ ജി.ഒ.(എം.എസ്.)22/2018 നമ്പരായി പുറപ്പെടുവിച്ച 13ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ കിഡ്നി രോഗികൾക്ക് ധനസഹായം നൽകുന്ന പ്രോജക്ടുകൾ ഏറ്റെടുക്കുന്നത്

സംബന്ധിച്ച പരാമർശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. മാർഗ്ഗരേഖയിൽ ഉൾപ്പെടുത്താത്ത വിഷയങ്ങൾക്ക് തുക ചെലവഴിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നതിനാൽ ഭാവിയിൽ ഇത്തരം പ്രോജക്ടുകൾ സർക്കാർ അംഗീകാരത്തോടെ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സർക്കാർ മാർഗ്ഗ രേഖയിൽ ഉൾപ്പെടാത്ത പദ്ധതിക്കായി ചെലവഴിച്ച ₹2,00,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-25 വാഹന ഉപയോഗം – പരിപാലന ചെലവുകൾ വർദ്ധിക്കുന്നത്

**(എ)** ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ ഓഫീസ് വാഹനമായ ബൊലേറോ KL-6E/9999 വാഹനത്തിന്റെ സംരക്ഷണത്തിനായി കഴിഞ്ഞ 3 വർഷങ്ങളിൽ ചെലവായ തുക ചുവടെ ചേർക്കുന്നു.

| വർഷം | തുക ₹ |
|---|---:|
| 2016-17 | 24845 |
| 2017-18 | 115044 |
| 2018-19 | 206393 |
| 2019-20 (നാളിതുവരെ) | 133900 |

വാഹന പരിപാലന ചെലവുകൾ ഓരോ വർഷവും ഇരട്ടിയാകുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. പ്രസ്തുത ചെലവുകളിൽ സാമ്പത്തിക അച്ചടക്കം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**(ബി) ലോഗ് ബുക്ക് സൂക്ഷിപ്പ്**

വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെ വ്യക്തമാക്കുന്ന അപാകതകൾ കാണുന്നു.

1. വാഹനത്തിന്റെ ഇന്ധനച്ചെലവ് ലോഗ് ബുക്കിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല.
2. മൈലേജ് സർട്ടിഫിക്കറ്റ് സൂക്ഷിച്ചിട്ടില്ല.
3. യാത്രയുടെ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. പ്രാദേശിക യാത്ര എന്ന് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

വാഹന ഉപയോഗം സംബന്ധിച്ച് 30.06.2007ലെ ജി.ഒ.(എം.എസ്.)/170/07/തസ്വഭവ. ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-26 ക്ഷേമ പെൻഷനുകളിൽ യഥാസമയം നടപടികൾ സ്വീകരിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്ന വിവിധയിനം ക്ഷേമ പെൻഷൻ അപേക്ഷകളിൽ യഥാസമയം നടപടികൾ സ്വീകരിക്കുന്നില്ല. ലഭിക്കുന്ന അപേക്ഷകൾ അന്വേഷണത്തിന് നൽകിയ തീയതി, തിരികെ ലഭിച്ച തീയതി എന്നിവ കൈപ്പറ്റുന്നവരുടെ ഒപ്പ് സഹിതം രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ, പെൻഷൻ അപേക്ഷകളിൽ യഥാസമയം തീർപ്പ് കൽപ്പിക്കുകയോ ചെയ്യുന്നില്ല. രജിസ്റ്ററുകൾ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടില്ല. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, ജനറൽ കമ്മിറ്റി എന്നിവരുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതും

സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| അപേക്ഷന്റെ പേര്/വിലാസം | അപേക്ഷയുടെ ഇനം | അപേക്ഷ ലഭിച്ച തീയതി | ഫയൽ നമ്പർ | അന്വേഷണത്തിന് നൽകിയ തീയതി | അന്വേഷണത്തിന് ശേഷം തിരികെ ലഭിച്ച തീയതി | തീർപ്പാക്കിയ തീയതി |
|---|---|---|---|---|---|---|
| ശോശാമ്മ വർഗീസ്, കത്തനാരുതോട്ടത്തിൽ | വാർധക്യകാല പെൻഷൻ | 19-04-18 | 2479/18 | 21-04-18 | ലഭിച്ചിട്ടില്ല | ഇല്ല |
| കുമാരൻ, പാലയ്ക്കൽ, ആൽപ്പാറ | വാർധക്യകാല പെൻഷൻ | 20-04-18 | 2539/18 | 11-12-18 | ലഭിച്ചിട്ടില്ല | ഇല്ല |
| സരോജിനി മങ്കുഴിയിൽ,കുഞ്ഞിക്കുഴി | വാർധക്യകാല പെൻഷൻ | 17-05-18 | 3942/18 | 21-11-18 | ലഭിച്ചിട്ടില്ല | ഇല്ല |
| നാരായണൻപിള്ള കിഴക്കേത്തുവയലിൽ, പഴയരിക്കണ്ടം | വാർധക്യകാല പെൻഷൻ | 22-05-18 | 4157/18 | 21-11-18 | ലഭിച്ചിട്ടില്ല | ഇല്ല |
| സോനു എസ്. കുമാർ, കല്ലാശ്ശേരിപറമ്പിൽ, വെൺമണി | വികലാംഗ പെൻഷൻ | ലഭ്യമല്ല | ലഭ്യമല്ല | 07-01-19 | ലഭിച്ചിട്ടില്ല | ഇല്ല |
| ജോൺമത്തായി, കാതിരുമോളേൽ, പഴയരിക്കണ്ടം | വികലാംഗ പെൻഷൻ | ലഭ്യമല്ല | ലഭ്യമല്ല | 07-01-19 | ലഭിച്ചിട്ടില്ല | ഇല്ല |
| ആരാധ്യ ധനീഷ്, അക്കരക്കാട്ടിൽ, കീരിത്തോട് | വികലാംഗ പെൻഷൻ | ലഭ്യമല്ല | ലഭ്യമല്ല | 07-01-19 | ലഭിച്ചിട്ടില്ല | ഇല്ല |
| ലളിത രാമകൃഷ്ണൻ, പുള്ളോലിക്കല്ലുങ്കൽ | കർഷകതൊഴിലാളി പെൻഷൻ | 28-06-18 | 5519/18 | ഇല്ല | ലഭിച്ചിട്ടില്ല | ഇല്ല |
| കുഞ്ഞുമോൾ ജോസഫ്, കല്ലുവേലിക്കൽ, ആനപ്പാറ | വിധവപെൻഷൻ | 12-09-18 | 7445/18 | 09-10-18 | ലഭിച്ചിട്ടില്ല | ഇല്ല |
| മേരിജോർജ്, മുപ്പത്തിയിറം, മണിപ്പാറ | വിധവപെൻഷൻ | 13-09-18 | 7471/18 | 09-10-18 | ലഭിച്ചിട്ടില്ല | ഇല്ല |
| ലില്ലി മൈക്കിൾ, പുളിക്കാട്ടിൽ, ചേലച്ചുവട് | വിധവപെൻഷൻ | 14-09-18 | 7573/18 | 09-10-18 | ലഭിച്ചിട്ടില്ല | ഇല്ല |
| ലീലാമ്മചാക്കോ, പാലപ്പറമ്പിൽ | വിധവപെൻഷൻ | 01-10-18 | 8099/18 | 14-12-18 | ലഭിച്ചിട്ടില്ല | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| ലീലാമ്മ വർഗീസ്, മണക്കാട്ടുചിറയിൽ | വിധവപെൻഷൻ | 30-11-18 | 10050/18 | 14-02-18 | ലഭിച്ചിട്ടില്ല | ഇല്ല |

## 1-27 മരാമത്ത് പ്രവൃത്തികൾ - വ്യാപകമായി എസ്റ്റിമേറ്റ് പുതുക്കുന്നു

1997-ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 14(5) അനുസരിച്ച്, ഒരു മരാമത്ത് പ്രവൃത്തി എസ്ററിമേറ്റ് പ്രകാരം നടത്തി വരവേ, മുൻകൂട്ടി കാണാൻ കഴിയാത്ത കാരണത്താൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താൻ കഴിയാതിരുന്ന ഇനമോ, കൂടുതലായി ചെയ്യേണ്ടി വരുന്ന ഇനമോ ഉണ്ടാകുന്ന പക്ഷം, ആവശ്യമായ സാക്ഷ്യപ്പെടുത്തൽ സഹിതം ഒറിജിനൽ എസ്റ്റിമേറ്റിന് സാങ്കേതിക അനുതി ലഭിക്കാൻ സ്വീകരിച്ച എല്ലാ നടപടിക്രമങ്ങളും പാലിച്ച്, പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്. ഇത്തരം നടപടികൾ ഒഴിച്ചുകൂടാനാവാത്ത സാഹചര്യങ്ങളിൽ മാത്രം അനുവർത്തിക്കേണ്ടവയാണെങ്കിലും തൻവർഷം നടപ്പാക്കിയ ഏകദേശം 30 പ്രവൃത്തികളുടെ, പ്രാരംഭത്തിൽ തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങിയ, എസ്റ്റിമേറ്റുകൾ നിർവഹണവേളയിൽ പുതുക്കിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റുകൾക്ക് താരതമ്യ പത്രികകൾ (comparative statement) അടക്കമുള്ള വിശദാംശങ്ങൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഭരണസമിതി അംഗീകാരമോ പുതുക്കിയ സാങ്കേതികാനുമതി ലഭിച്ചതായോ രേഖയില്ല. ആസൂത്രണം ചെയ്യുന്ന പ്രോജക്ടുകളുടെ ബാഹുല്യം മൂലം സൈറ്റുകളുടെ ഭൗതിക സാഹചര്യം നേരിൽ പരിശോധിക്കാതെ, വകയിരുത്തുന്ന തുകയിൽ പരിമിതപ്പെടുന്ന രീതിയിൽ ഇനങ്ങൾ തെരഞ്ഞെടുത്ത് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ് പ്രസ്തുത അപാകതയ്ക്ക് മുഖ്യകാരണം. എസ്റ്റിമേറ്റുകൾ സാർവത്രികമായി പുതുക്കുന്ന നടപടി ആദ്യ അംഗീകാരം നേടാൻ സ്വീകരിച്ച ഭാരിച്ചതും സങ്കീർണവും സാമ്പത്തിക ബാധ്യതയേറെയുള്ളതും മനുഷ്യ വിഭവശേഷി വലിയ തോതിൽ വിനിയോഗിക്കപ്പെട്ടതുമായ നടപടി ക്രമങ്ങൾ നിരർത്ഥകമാക്കുന്നു. ഓഫീസിലെ ഇത്തരം കൃത്യാന്തര ബാഹുല്യം നിമിത്തം യഥാസമയം നിർമാണ സൈറ്റുകൾ പരിശോധിക്കാനാവാതെ വരുന്നത് പ്രവൃത്തികളുടെ ഗുണമേന്മയെ കാര്യമായി ബാധിക്കാനും സാധ്യതയുണ്ട്. വേണ്ടത്ര അവധാനതയില്ലാത്ത ഇത്തരം പദ്ധതി ആസൂത്രണ-നിർവഹണ പ്രക്രിയകൾ ആവർത്തിക്കപ്പെടുന്നത് അടിസ്ഥാനപരമായി പഞ്ചായത്തിന് ഏറെ സാമ്പത്തിക ബാധ്യത വരുത്തിവെയ്ക്കുന്നതിനാൽ അനിവാര്യമായ സാഹചര്യങ്ങളിലേക്ക് മാത്രമായി എസ്റ്റിമേറ്റ് പുതുക്കൽ രീതി പരിമിതപ്പെടുത്തേണ്ടതാണ്.

വിഭാവനം ചെയ്ത 143-ൽ 70 പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പാക്കിയത്. പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറയ്ക്കുകയെന്നത് സൂചിത പ്രശ്നങ്ങൾക്ക് സാധ്യമായ പരിഹാരമാർഗ്ഗമാണ്. ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ അടിയന്തിര ശ്രദ്ധ ഗൌരവമേറിയ പ്രസ്തുത വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-28 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല

ഗ്രാമപഞ്ചായത്തിൽ പരിപാലിച്ചിരിക്കുന്ന ഡെപ്പോസിറ്റ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി സമഗ്രമാക്കിയിട്ടില്ല. വിവിധ ഇനങ്ങളിലുള്ള ഡെപ്പോസിറ്റുകൾ റീഫണ്ട് ചെയ്യുന്ന വിവരം രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കിൽ ഡെപ്പോസിറ്റ് ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത വ്യക്തമല്ല. ഇ.എം.ഡി. റീ-ഫണ്ട് ചെയ്തിട്ടും രജിസ്റ്ററിൽ ഉൾപ്പെടുത്താത്തതിന്റെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം/വ്യക്തി | തുക/ഒടുക്കിയ രസീത് നം. | തിരികെ കൊടുത്ത ചെക്ക് നമ്പർ വിവരം/തുക |
|---|---|---|---|
| 1 | ഹൈടെക് ഇൻഡസ്ട്രീസ്, ചെറുതോണി | 11604103052/02-02-17, ₹2500/- | 2684/26-06-18, ₹107500/- |
| | | 11604103034/02-02-17, ₹15000/- | |
| | | 11604103037/02-02-17, ₹15000/- | |
| | | 11604103038/02-02-17, ₹15000/- | |
| | | 11604103059/02-02-17, ₹15000/- | |
| | | 11604103035/02-02-17, ₹15000/- | |
| | | 11604103036/02-02-17, ₹15000/- | |
| | | 11604103050/02-02-17, ₹15000/- | |

രജിസ്റ്ററുകൾ കൃത്യവും കാലികവും സമഗ്രവുമായ രേഖപ്പെടുത്തലുകളോടെ പരിപാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-29 ദേശീയ തൊഴിലുറപ്പ് പദ്ധതി - വനം വന്യജീവി വകുപ്പിന്റെ അനുമതി കൂടാതെ വനമേഖലയിൽ റോഡ് നിർമ്മാണം - പഞ്ചായത്ത് ഫണ്ടിന് നഷ്ടം

എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിന് വേണ്ടി തയ്യാറാക്കിയ രണ്ട് റോഡ് കോൺക്രീറ്റിംഗ് പദ്ധതികൾ, നിർമ്മാണ വസ്തുക്കൾ സ്ഥലത്ത് ഇറക്കിയ ശേഷം, ഉപേക്ഷിച്ചതായി കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി/നം./വർഷം | ബിൽ വിശദാംശങ്ങൾ | സ്ഥലത്ത് ഇറക്കിയ നിർമ്മാണ വസ്തുക്കൾ |
|---|---|---|
| മനയത്തടം കോളനി റോഡ് കോൺക്രീറ്റിംഗ് | ചെക്ക് നം. 2688/27.06.2018 ₹118581/- ചെക്ക് നം.2687/27.06.2018 | 20mm മെറ്റിൽ 34.1m3 40mm മെറ്റിൽ 21.5m3 |

| | | |
|---|---|---|
| (RC/36974) (2015-16) | ₹186112/- | മണൽ 34.1m3<br>സിമന്റ് 267 ചാക്ക് |
| ളുക്കുപാറ വഞ്ചിക്കൽ<br>റോഡ് കോൺക്രീറ്റിംഗ് (RC/44274) (2016-17) | ചെക്ക് നം. 2687/27.06.2018<br>₹192026/- | 20mm മെറ്റിൽ 23.7m3<br>40mm മെറ്റിൽ 37.6m3<br>മണൽ 30.9m3 |

വനത്തിലൂടെ കടന്നുപോകുന്ന രണ്ട് റോഡുകളുടെ നിർമ്മാണ പ്രവൃത്തിയാണ് ഏറ്റെടുത്തതെങ്കിലും അവ നടപ്പാക്കുന്നതിന് വനം വന്യജീവി വകുപ്പിന്റെ മുൻകൂർ അനുമതി വാങ്ങിയിരുന്നില്ല. ആകയാൽ വനപ്രദേശത്ത് നടത്താൻ നിശ്ചയിച്ച പ്രവൃത്തികൾ അനധികൃത നിർമ്മാണം എന്ന നിഗമനത്തിൽ വനം വകുപ്പ് തടഞ്ഞു. ഇതിനോടകം സൈറ്റുകളിൽ സ്റ്റാക്ക് ചെയ്ത നിർമ്മാണ വസ്തുക്കളുടെ വില വിതരണ കരാറുകൾ പഞ്ചായത്തിനോട് ആവശ്യപ്പെട്ടതിനെ തുടർന്ന് സെക്രട്ടറിയുടെ വിയോജന കുറിപ്പ് മറി കടന്ന് മെറ്റീരിയൽസിന്റെ തുക കരാറുകാർക്ക് തനത് ഫണ്ടിൽനിന്ന് നല്കാൻ പഞ്ചായത്ത് ഭരണ സമിതി 27-06-2018-ലെ 2(4) തീരുമാനത്തിലൂടെ സെക്രട്ടറിയോട് നിർദ്ദേശിച്ചു. വർക്ക് കൃത്യമായി നടന്നുവെങ്കിൽ തൊഴിലുറപ്പ് പദ്ധതിയിൽ നിന്ന് ലഭിക്കേണ്ട തുകയാണ് തെറ്റായ തീരുമാനത്തിലൂടെ തനത് ഫണ്ടിൽ നിന്ന് നല്കിയത്. തൊഴിലുറപ്പ് പദ്ധതി ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് തനത് ഫണ്ടിലേയ്ക്ക് പ്രസ്തുത തുക ക്രമീകരിക്കുന്നതിനും തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി കരാറുകാർക്ക് തുക വിതരണം ചെയ്തു. പദ്ധതി നടത്തിപ്പിൽ സംഭവിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1 | വനം വകുപ്പിന്റെ അനുമതി ലഭിക്കാതെ ടി സ്ഥലത്ത് വർക്ക് ചെയ്യാൻ തീരുമാനിച്ചതും മെറ്റീരിയൽസ് ഇറക്കിയതും വീഴ്ചയാണ്. തൊഴിലുറപ്പ് പദ്ധതിയുടെ പ്രാദേശികവിവരങ്ങളെക്കുറിച്ച് കൂടുതൽ അറിവുള്ളത് ബന്ധപ്പെട്ട പഞ്ചായത്ത് അംഗങ്ങൾക്കായതിനാൽ ഇക്കാര്യത്തിൽ അവർക്കുണ്ടായ വീഴ്ച എടുത്തുപറയേണ്ടതാണ്. മെമ്പർമാരുടെ നിർദ്ദേശത്തെ തുടർന്നാണ് പ്രസ്തുത വർക്കുകൾ ഏറ്റെടുത്തത് എന്ന് സൂചിത കമ്മറ്റി തീരുമാനത്തിൽ തന്നെ പറയുന്നുണ്ട്. |
| 2 | ഏതെങ്കിലും സ്ഥലത്ത് വർക്ക് നടക്കാതെ വന്നാൽ സാധനസാമഗ്രികൾ പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അടുത്ത സ്ഥലത്തേക്ക് മാറ്റി അലോട്ട് ചെയ്യേണ്ടതാണെങ്കിലും പഞ്ചായത്ത് കമ്മറ്റി അപ്രകാരം ചെയ്തില്ല |
| 3 | സ്റ്റാക്ക് ചെയ്ത മെറ്റീരിയൽസിന്റെ അളവ് തിട്ടപ്പെടുത്തുകയും നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ സൂക്ഷിപ്പുകാരൻ എന്ന നിലയിൽ ഉത്തരവാദിയായ എ.ഇ.യിൽ നിന്ന് ഈടാക്കണമെന്നുമുള്ള ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ നിർദ്ദേശം പഞ്ചായത്ത് കമ്മറ്റി അവഗണിച്ചത് ശരിയല്ല. |

ഉദ്യോഗസ്ഥരുടേതിലുപരി പഞ്ചായത്ത് ഭരണസമിതിയുടേതാണ് വീഴ്ചകൾ എന്ന് മേൽ അപാകതകളിൽ നിന്ന് വ്യക്തമാണ്. ഇക്കാര്യം ബന്ധപ്പെട്ട മെമ്പർമാരുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. തൻവർഷം തന്നെ സാധനസാമഗ്രികൾ

പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അടുത്ത സ്ഥലത്തേക്ക് മാറ്റി അലോട്ട് ചെയ്ത് പണി പൂർത്തിയാക്കുന്നതാണെന്നും അതുവഴി തൊഴിലുറപ്പ് പദ്ധതി ഫണ്ടിൽ നിന്ന് ലഭിക്കുന്ന തുക തനത് ഫണ്ടിലേയ്ക്ക് മാറ്റുന്നതാണെന്നും രേഖാമൂലം ഉറപ്പ് നല്കിയിട്ടുണ്ട്. ആയത് ഓഡിറ്റ് അംഗീകരിക്കുന്നു.

ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് പണി പൂർത്തിയാക്കി തനത് ഫണ്ടിലേയ്ക്ക് തുക ക്രമീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തനത് ഫണ്ടിൽ നിന്നുണ്ടായ ₹496719/-യുടെ ചെലവ്, നഷ്ടമായി കണക്കാക്കി, 27-06-2018-ലെ പഞ്ചായത്ത് കമ്മറ്റിയിൽ പങ്കെടുത്ത അംഗങ്ങളെ ഉത്തരവാദികളായി നിശ്ചയിച്ച്, സർചാർജ് നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണ്. നാളിതുവരെ തുടർ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ലാത്തതിനാൽ ചെലവഴിച്ച ₹496719/- തടസ്സപ്പെടുത്തുന്നു.

## 1-30 ലൈഫ് പദ്ധതി - അവലോകനം

**എ) ഗുണഭോക്താക്കളുടെ വിശദാംശം**

2018-19 വർഷം ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| | ജനറൽ | എസ്.സി. | എസ്.റ്റി. | ആകെ |
|---|---|---|---|---|
| കരാർ വെച്ചത് | 199 | 5 | 14 | 218 |
| പണി തുടങ്ങാത്തത് | 1 | 0 | 1 | 2 |
| തറ തീർന്നത് | 118 | 3 | 7 | 128 |
| ഭിത്തി തീർന്നത് | 41 | 0 | 3 | 44 |
| മേൽക്കൂര തീർന്നത് | 24 | 0 | 1 | 25 |
| പണി തീർന്നത് | 6 | 1 | 1 | 8 |

**ബി) ഫണ്ട് വിശകലനം**

ലൈഫ് ഭവന പദ്ധതിക്കായി തൻവർഷം ലഭ്യമായ ഫണ്ടിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | പ്ലാൻ വിഹിതം | ബ്ലോക്ക് വിഹിതം | ജില്ലാപഞ്ചായത്ത് വിഹിതം | ലോൺ | ആകെ |
|---|---|---|---|---|---|---|
| ജനറൽ | അലോട്ട്മെന്റ് | 7337200 | 3518016 | 2677178 | 43010 | 13575404 |
| | എക്സ്പെൻഡിച്ചർ | 7337200 | 3440000 | 2677178 | 43010 | 13497388 |
| | ബാലൻസ് | 0 | 78016 | 0 | 0 | 78016 |
| എസ്.സി. | അലോട്ട്മെന്റ് | 1358000 | 642000 | 0 | 0 | 2000000 |
| | എക്സ്പെൻഡിച്ചർ | 1010000 | 40000 | 0 | 0 | 1050000 |
| | ബാലൻസ് | 348000 | 602000 | 0 | 0 | 950000 |

| | | | | | | |
|---|---|---|---|---|---|---|
| എസ്. റ്റി. | അലോട്ട്മെന്റ് | 2420000 | 545150 | 0 | 0 | 2965150 |
| | എക്സ്പെൻഡിച്ചർ | 2420000 | 60000 | 0 | 0 | 2480000 |
| | ബാലൻസ് | 0 | 485150 | 0 | 0 | 485150 |
| ആകെ | അലോട്ട്മെന്റ് | 11115200 | 4705166 | 2677178 | 43010 | 18497544 |
| | എക്സ്പെൻഡിച്ചർ | 10767200 | 3540000 | 2677178 | 43010 | 16984378 |
| | ബാലൻസ് | 348000 | 1165166 | 0 | 0 | 1513166 |

### 1-31 പ്രത്യേക ഉദ്ദേശങ്ങൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു

ഓഡിറ്റ് വർഷത്തിൽ വിവിധ സർക്കാർ ഏജൻസികളിൽ നിന്നും പ്രത്യേക ഉദ്ദേശങ്ങൾക്കായി ലഭിച്ച താഴെ പറയുന്ന തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ചെലവഴിക്കാതെ അവശേഷിക്കുന്ന തുക |
|---|---|---|
| 1 | സമ്പൂർണ്ണ ശുചിത്വം | 1290000 |
| 2 | ഐ.സി.ഡി.എസ്. | 794790 |
| 3 | പശ്ചിമ ഘട്ടം | 748678 |
| 4 | എസ്.എസ്.എ. | 44335 |
| 5 | സാക്ഷരത | 68814 |
| 6 | ശുചിത്വ മിഷൻ | 1109968 |
| 7 | ആയുർവ്വേദ ആശുപത്രി | 400000 |
| 8 | കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | 2500000 |

ചെലവഴിക്കാൻ അവശേഷിക്കുന്ന പ്രസ്തുത തുകകൾ ലഭ്യമാക്കിയ ആവശ്യങ്ങൾക്ക് ചെലവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-32 ലൈഫ് ഭവന പദ്ധതി

| | |
|---|---|
| പദ്ധതി | ലൈഫ് ഭവന പദ്ധതി-പട്ടിക ജാതി വിഭാഗം |
| പദ്ധതി-നം | 298/2018-19<br><br>87/2018-19 |
| അടങ്കൽ തുക (എസ്.സി.പി) | 1)₹811000<br><br>2)₹548000 |
| ആകെ | ₹13,59,000 |
| **ബിൽ നം./തീയതി/തുക** | 1) 14/2018-19/07.12.2018 ₹160000-<br><br>2) 30/2018-19/05.02.2019 ₹160000-<br><br>3) 37/2018-19/28.02.2019₹260000-<br><br>4)ചെക്ക് നം. 832759/22.10.2018 ₹50000/-<br><br>(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br><br>5)ചെക്ക് നം. 832736/07.05.2019 ₹50000/-<br><br>(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| **ആകെ** | ₹680000/- |
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ |

2018-19 വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ ലൈഫ് ഭവന പദ്ധതിയ്ക്കായി മേൽ സൂചിത ബില്ലുകൾ/ചെക്ക് പ്രകാരം താഴെ പറയുന്ന ഗുണഭോക്താവിന് ₹5,10,000/- നൽകിയിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേരുവിവരം | ഗുണഭോക്താവിന് നൽകിയ ഗഡുക്കൾ | തുക | ബിൽ നം./ചെക്ക് നം. തുക/തീയതി |
|---|---|---|---|
| തങ്കമ്മ ഗോപാലൻ,<br><br>കിഴക്കേകേകര<br><br>കഞ്ഞിക്കുഴി പി.ഒ | 1 | ₹40000/-<br><br>ബ്ലോക്ക്പഞ്ചായത്ത് വിഹിതം | ചെക്ക് നം-832759<br><br>തീയതി. 22.10.2018 |
| | 2 | ₹160000/- | 14/18-19/07.12.2018 ₹2160000/- |
| | 3 | ₹160000/- | 30/18/05.02.2019 ₹160000/- |
| | 4 | ₹100000/- | 37/18/28.02.2019 ₹260000/-<br><br>(₹160000/- സരസമ്മ, ₹100000/- തങ്കമ്മ ഗോപാലൻ) |
| | 5 | ₹50000/-<br><br>ബ്ലോക്ക്പഞ്ചായത്ത് വിഹിതം | ചെക്ക് നം.832736<br><br>തീയതി. 07.05.2019 |

| | | | |
|---|---|---|---|
| | **ആകെ** | ₹5,10,000/- | |

തദ്ദേശ സ്വയംഭരണ(ഡി.ബി.)വകുപ്പിന്റെ നം. സ.ഉ(കൈ)നം34/2018/തസ്വഭവ തീയതി 16.03.2018 ഉത്തരവ് പ്രകാരമുള്ള ലൈഫ് മിഷൻ - ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം-മാർഗരേഖയിലെ ഖണ്ഡിക 6 പ്രകാരം വീട് നിർമ്മിക്കുവാൻ ഒരു ഗുണഭോക്താവിന് അനുവദിക്കാവുന്ന പരമാവധി ധനസഹായം **4 ലക്ഷം** രൂപയാണ്. എന്നാൽ ശ്രീമതി. തങ്കമ്മ ഗോപാലന് സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെ 5 ഗഡുക്കളിലായി ₹5,10,000/-യാണ് നൽകിയത്.

സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം നൽകിയ ₹1,10,000/- നിർവ്വഹണ ഉദ്യാഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറിൽ നിന്ന് ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-33 വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കാതെ ക്രമവിരുദ്ധമായി കാലാവധിയിൽ ഇളവ് അനുവദിച്ചു

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽനെ അടിസ്ഥാനമാക്കി തയ്യാറാക്കിയ മരാമത്ത് പ്രവൃത്തികൾക്കുള്ള കരാറിലെ വ്യവസ്ഥകൾ (5, 6, 7) പ്രകാരം കരാറിൽ ഏർപ്പെട്ട് പത്ത് ദിവസത്തിനുള്ളിൽ പ്രവൃത്തി നടത്തുന്നതിനായി സ്ഥലമേറ്റു വാങ്ങുകയും, സ്ഥലമേറ്റുവാങ്ങി പത്ത് ദിവസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കേണ്ടതും കരാറുടമ്പടിയുടെ ഭാഗമായി വച്ചിട്ടുള്ള പ്രവർത്തന കലണ്ടർ പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതുമാണ്. മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ ഇരുപത് ശതമാനം സമയം (അഞ്ചിൽഒന്ന്) കൂടി പിഴയില്ലാതെ അനുവദിക്കുന്നതാണെന്നും അതിൽ കൂടുതൽ വരുന്ന മൂന്നുമാസം വരെ സമയം, കരാർ തുകയുടെ ഒരു ശതമാനം പിഴ ചുമത്തിക്കൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്നു മാസത്തിനും കരാർ തുകയുടെ രണ്ട് ശതമാനം വീതം പിഴ ചുമത്തിക്കൊണ്ടും മാത്രമേ കാലാവധി നീട്ടി കൊടുക്കാൻ സാധിക്കൂ.

തൻവർഷം കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ ചുവടെ ചേർക്കുന്ന ഏതാനും പ്രവൃത്തികളിൽ, തക്കതായ കാരണങ്ങളാൽ അനുവദിക്കാവുന്ന 20% ഇളവും കൂടി അനുവദിച്ചാൽ പോലും വേല പൂർത്തിയാക്കേണ്ട തീയതിയ്ക്കുള്ളിൽ പദ്ധതി പൂർത്തിയാക്കിയിട്ടില്ല (കാലയളവ് നീട്ടി നല്കിയതായി രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം.<br>ബിൽ നം. | കരാറുകാരൻ/<br>എം.<br>ബുക്ക് നം. | കരാർ നം./<br>പൂർത്തീകരണ<br>കാലാവധി | കരാർ<br>തുക (₹) | 20% ഇളവ് അടക്കം വേല പൂർത്തിയാക്കേണ്ട തീയതി | പൂർത്തീ<br>കരിച്ച<br>തീയതി | ഈടാ<br>ക്കേണ്ട<br>പിഴ (₹) | റിമാർക്സ് |
|---|---|---|---|---|---|---|---|
| വാട്ടപ്പള്ളിപ്പടി മ്യാലിൽ പുത്തൻപുരയിൽ റോഡ് സോളിംഗ് (213/19) | രാജീവ്<br>പി.എസ്., | 139/AE/<br>LSGD/KJZY/ | 414878 | 17-05-2018<br>(10+10+30+6) | 04.12.18 | 20745 | 18-05-2018ൽ ഈടാക്കേണ്ട പിഴ(1%) -4149<br>18-08-2018-ൽ |

| | | | | | | | |
|---|---|---|---|---|---|---|---|
| 39/18-19,<br>19-01-19<br>₹414787/- | 139/17-18 | 17-18/<br>22-03-18,<br>30 ദിവസം | | ദിവസം | | | ഈടാക്കേണ്ട പിഴ(2%) -8298<br>18-11-2018-ൽ ഈടാക്കേണ്ട പിഴ(2%) -8298<br>ആകെ- 20745 |
| ഏഴകമ്പി റോഡ് സോളിംഗ് (216/19)<br>49/18-19,<br>11-03-19<br>₹412027/- | ജിതിൻ കെ. ജോർജ്<br>133/17-18 | 133/AE/<br>LSGD/KJZY/<br>17-18/<br>14-03-18,<br>30 ദിവസം | 425764 | 09-05-18<br>(10+10+30+6)<br>ദിവസം | 16.01.19 | 21288 | 10-05-2018ൽ ഈടാക്കേണ്ട പിഴ(1%) -4258<br>10-08-2018-ൽ ഈടാക്കേണ്ട പിഴ(2%)-8515<br>10-11-2018-ൽ ഈടാക്കേണ്ട പിഴ(2%)-8515<br>ആകെ- 21288 |
| | | | | | ആകെ | 42033 | |

മേൽ പറഞ്ഞവയ്ക്ക് അപേക്ഷയില്ലാതെയാണ് ഇളവ് അനുവദിച്ചിരിക്കുന്നത്. പ്രവൃത്തി പൂർത്തിയാക്കാൻ വേണ്ട എല്ലാ പ്രാഥമിക തയ്യാറെടുപ്പുകളും നടത്തിയതിന് ശേഷം മാത്രമാണ് കോൺട്രാക്ടർ കരാറിൽ ഏർപ്പെടുന്നത്. ആയതിനാൽ മേൽ സൂചിത കാരണങ്ങളാൽ ഇളവ് അനുവദിക്കുന്നത് ക്രമവിരുദ്ധമാണ്. ഇത് സംബന്ധിച്ച് 15-ാം നമ്പരായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ഉഭയകക്ഷി കരാർ വ്യവസ്ഥകൾ പാലിക്കാൻ ഇരുകൂട്ടർക്കും ബാദ്ധ്യതയുണ്ട്. കരാർ വ്യവസ്ഥ പൂർണമായി പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടത് നിർവഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. ആയതിന് വിരുദ്ധമായി, പിഴ ഈടാക്കാതെ കാലാവധിയിൽ ഇളവ് അനുവദിച്ചത് നിർവഹണ ഉദ്യേഗസ്ഥനെന്ന നിലയിൽ അസി. എഞ്ചിനീയറുടെ വീഴ്ചയാണ്.ആയതുമൂലം ഗ്രാമ പഞ്ചായത്തിനുണ്ടായ ₹42033/-യുടെ നഷ്ടം ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതായിരുന്നു. കരാറുകാരിൽ നിന്ന് പിഴ ഈടാക്കാത്തപക്ഷം പ്രസ്തുത തുക ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ലൈഫ് ഭവന പദ്ധതി-സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി അധിക ധനസഹായം നൽകി -നഷ്ടം ₹1,10,000/-

| | |
|---|---|
| പദ്ധതി | ലൈഫ് ഭവന പദ്ധതി-പട്ടിക ജാതി വിഭാഗം |

| | |
|---|---|
| പദ്ധതി-നം | 298/2018-19<br><br>87/2018-19 |
| അടങ്കൽ തുക (എസ്.സി.പി) | 1) ₹8,11,000/-<br><br>2) ₹5,48,000/- |
| ആകെ | ₹13,59,000/- |
| **ബിൽ നം./തീയതി/തുക** | 1) 14/2018-19/07.12.2018 ₹160000/-<br><br>2) 30/2018-19/05.02.2019 ₹160000/-<br><br>3) 37/2018-19/28.02.2019 ₹260000/-<br><br>4)ചെക്ക് നം. 832759/22.10.2018 ₹50000/-<br>(ബ്ലോക്ക്പഞ്ചായത്ത് വിഹിതം)<br><br>5)ചെക്ക് നം. 832736/07.05.2019 ₹50000/-<br>(ബ്ലോക്ക്പഞ്ചായത്ത് വിഹിതം) |
| **ആകെ** | ₹680000/- |
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ |

2018-19 വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ ലൈഫ് ഭവന പദ്ധതിക്കായി (രണ്ടാം ഘട്ടം) മേൽ സൂചിത ബില്ലുകൾ/ചെക്ക് പ്രകാരം താഴെ പറയുന്ന ഗുണഭോക്താവിന് ₹5,10,000/- നൽകിയിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേരുവിവരം | ഗുണഭോക്താവിന് നൽകിയ ഗഡുക്കൾ | തുക | ബിൽ നം./ചെക്ക് നം. തുക/തീയതി |
|---|---|---|---|
| തങ്കമ്മ ഗോപാലൻ,<br><br>കിഴക്കേകേകര<br><br>കഞ്ഞിക്കുഴി പി.ഒ | 1 | ₹40000/-<br>ബ്ലോക്ക്പഞ്ചായത്ത് വിഹിതം | ചെക്ക് നം-832759<br>തീയതി. 22.10.2018 |
| | 2 | ₹160000/- | 14/18-19/07.12.2018<br>₹160000/- |
| | 3 | ₹160000/- | 30/18/05.02.2019<br><br>₹160000/- |
| | 4 | ₹100000/- | 37/18/28.02.2019<br>₹260000/-<br>(₹160000/- സരസമ്മ, ₹100000/- തങ്കമ്മ ഗോപാലൻ) |
| | 5 | ₹50000/-<br>ബ്ലോക്ക്പഞ്ചായത്ത് വിഹിതം | ചെക്ക് നം.832736<br>തിയതി 07.05.2019 |
| | **ആകെ** | ₹5,10,000/- | |

തദ്ദേശ സ്വയംഭരണ(ഡി.ബി.)വകുപ്പിന്റെ നം. സ.ഉ(കൈ)നം34/2018/തസ്വഭവ തീയതി 16.03.2018 ഉത്തരവ് പ്രകാരമുള്ള ലൈഫ് മിഷൻ - ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം-മാർഗരേഖയിലെ ഖണ്ഡിക 6 പ്രകാരം വീട് നിർമ്മിക്കുവാൻ ഒരു ഗുണഭോക്താവിന് അനുവദിക്കാവുന്ന പരമാവധി ധനസഹായം **4 ലക്ഷം** രൂപയാണ്. എന്നാൽ ശ്രീമതി. തങ്കമ്മ ഗോപാലന് സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെ 5 ഗഡുക്കളിലായി ₹5,10,000/-യാണ് നൽകിയത്.

സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം നൽകിയ ₹1,10,000/- നിർവ്വഹണ ഉദ്യാഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറിൽ നിന്ന് ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

### 3-2 വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കാതെ ക്രമവിരുദ്ധമായി കാലാവധിയിൽ ഇളവ് അനുവദിച്ചു

കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിനെ അടിസ്ഥാനമാക്കി തയ്യാറാക്കിയ മരാമത്ത് പ്രവൃത്തികൾക്കുള്ള കരാറിലെ വ്യവസ്ഥകൾ (5, 6, 7) പ്രകാരം കരാറിൽ ഏർപ്പെട്ട് പത്ത് ദിവസത്തിനുള്ളിൽ പ്രവൃത്തി നടത്തുന്നതിനായി സ്ഥലമേറ്റു വാങ്ങുകയും, സ്ഥലമേറ്റു വാങ്ങി പത്ത് ദിവസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കേണ്ടതും കരാറുടമ്പടിയുടെ ഭാഗമായി വച്ചിട്ടുള്ള പ്രവർത്തന കലണ്ടർ പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതുമാണ്. മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ ഇരുപത് ശതമാനം സമയം(അഞ്ചിൽഒന്ന്) കൂടി പിഴയില്ലാതെ അനുവദിക്കുന്നതാണെന്നും അതിൽ കൂടുതൽ വരുന്ന മൂന്നുമാസം വരെ സമയം, കരാർ തുകയുടെ ഒരു ശതമാനം പിഴ ചുമത്തിക്കൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്നു മാസത്തിനും കരാർതുകയുടെ രണ്ടു ശതമാനം വീതം പിഴ ചുമത്തിക്കൊണ്ടും മാത്രമേ കാലാവധി നീട്ടി കൊടുക്കാൻസാധിക്കൂ.

തൻവർഷം കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ ചുവടെ ചേർക്കുന്ന ഏതാനും പ്രവൃത്തികളിൽ, തക്കതായ കാരണങ്ങളാൽ അനുവദിക്കാവുന്ന 20% ഇളവും കൂടി അനുവദിച്ചാൽ പോലും വേല പൂർത്തിയാക്കേണ്ട തീയതിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കിയിട്ടില്ല (കാലയളവ് നീട്ടി നല്കിയതായി രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. ബിൽ നം. | കരാറുകാരൻ/ എം. ബുക്ക് നം. | കരാർ നം./ പൂർത്തീകരണ കാലാവധി | കരാർ തുക (₹) | 20% ഇളവ് അടക്കം വേല പൂർത്തിയാക്കേണ്ട തീയതി | പൂർത്തീകരിച്ച തീയതി | ഈടാക്കേണ്ട പിഴ (₹) | റിമാർക്സ് |
|---|---|---|---|---|---|---|---|
| വാട്ടപ്പള്ളിപ്പടി മ്യാലിൽ പുത്തൻപുരയിൽ റോഡ് സോളിംഗ് (213/19)<br>39/18-19,<br>19-01-19<br>₹414787/- | രാജീവ് പി.എസ്.,<br>139/17-18 | 139/AE/ LSGD/KJZY/ 17-18/<br>22-03-18,<br>30 ദിവസം | ₹414878/- | 17-05-2018<br>(10+10+30+6 )ദിവസം | 04.12.18 | 20745 | 18-05-2018ൽ ഈടാക്കേണ്ട പിഴ(1%) -4149<br>18-08-2018-ൽ ഈടാക്കേണ്ട പിഴ(2%) -8298<br>18-11-2018-ൽ ഈടാക്കേണ്ട പിഴ(2%) -8298<br>ആകെ- 20745 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഏഴുകമ്പി റോഡ് സോളിംഗ്<br>(216/19)<br>49/18-19,<br>11-03-19<br>₹412027/- | ജിതിൻ കെ. ജോർജ്<br>133/17-18 | 133/AE/ LSGD/KJZY/ 17-18/<br>14-03-18,<br>30 ദിവസം | 425764 | 09-05-18<br>(10+10+30+6 )ദിവസം | 16.01.19 | 21288 | 10-05-2018ൽ ഈടാക്കേണ്ട പിഴ(1%) -4258<br>10-08-2018-ൽ ഈടാക്കേണ്ട പിഴ(2%)-8515<br>10-11-2018-ൽ ഈടാക്കേണ്ട പിഴ(2%)-8515<br>ആകെ– 21288 |
| | | | | | ആകെ | 42033 | |

മേൽ പറഞ്ഞവയ്ക്ക് അപേക്ഷയില്ലാതെയാണ് ഇളവ് അനുവദിച്ചിരിക്കുന്നത്. പ്രവൃത്തി പൂർത്തിയാക്കാൻ വേണ്ട എല്ലാ പ്രാഥമിക തയ്യാറെടുപ്പുകളും നടത്തിയതിന് ശേഷം മാത്രമാണ് കോൺട്രാക്ടർ കരാറിൽ ഏർപ്പെടുന്നത്. ആയതിനാൽ മേൽ സൂചിത കാരണങ്ങളാൽ ഇളവ് അനുവദിക്കുന്നത് ക്രമവിരുദ്ധമാണ്. ഇത് സംബന്ധിച്ച് 15-ാം നമ്പരായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ഉഭയകക്ഷി കരാർ വ്യവസ്ഥകൾ പാലിക്കാൻ ഇരുകൂട്ടർക്കും ബാദ്ധ്യതയുണ്ട്. കരാർ വ്യവസ്ഥ പൂർണമായി പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടത് നിർവഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. ആയതിന് വിരുദ്ധമായി, പിഴ ഈടാക്കാതെ കാലാവധിയിൽ ഇളവ് അനുവദിച്ചത് നിർവഹണ ഉദ്യേഗസ്ഥനെന്ന നിലയിൽ അസി. എഞ്ചിനീയറുടെ വീഴ്ചയാണ്. ആയതുമൂലം ഗ്രാമപഞ്ചായത്തിനുണ്ടായ ₹42033/-യുടെ നഷ്ടം ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതായിരുന്നു. കരാറുകാരിൽ നിന്ന് ഈടാക്കാത്തപക്ഷം പ്രസ്തുത തുക ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

### 3-3 60 വയസ്സ് കഴിഞ്ഞവർക്ക് കട്ടിൽ - സർക്കാർ പരിധിയിലും അധികരിച്ച് വാങ്ങൽ നടത്തിയിരിക്കുന്നു

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രോജക്ടുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | 60 വയസ് കഴിഞ്ഞവർക്ക് കട്ടിൽ |
| പദ്ധതി നം. | 67/19 |
| അടങ്കൽ/ചെലവ് | ₹765000/-, ₹761159/- |
| ബിൽ നം | 3/23.11.2019 |

60 വയസ് കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ നൽകുന്നതിന് ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും കട്ടിലൊന്നിന് ₹4500/- നിരക്കിൽ 175 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. ഫയലുകൾ പരിശോധിച്ചതിൽ 131 കട്ടിലുകൾ വിതരണം നടത്തിയതിന്റെ രേഖകൾ മാത്രമാണുള്ളത്. അവശേഷിക്കുന്ന 44 കട്ടിലുകൾ വിതരണം ചെയ്യാത്തതിന്

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ വിതരണം ചെയ്തിട്ടില്ലാത്ത 44 കട്ടിലുകളുടെ വിലയായ ₹198000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.02.2018ലെ ജി.ഒ.(എം.എസ്.)22/2018 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച 13-ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയുടെ 7.1.13.2 ഖണ്ഡിക അനുസരിച്ച്, കട്ടിൽ വാങ്ങാൻ ചെലവഴിക്കാവുന്ന തുകയുടെ പരമാവധി പരിധി ₹4350/-യാണ്. സർക്കാർ നിശ്ചയിച്ച പരിധിയിൽ അധികരിച്ച് വാങ്ങൽ നടത്തിയതിനാൽ ₹26250/-യുടെ ([4500-4350]x175) അധിക ചെലവുണ്ടായിട്ടുണ്ട്. ടി തുക ഉത്തരവാദിയായ ഐ.സി.ഡി.എസ്. സൂപ്പർവൈസറിൽ നിന്ന് ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 24.05.2019 മുതൽ 25.05.2019 വരെ | കെ.എസ്.എ.-ഐ.ഡി.കെ.-3/520(13)/2019 തീയതി. 16.08.2019 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2018-19 | 1500000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1500000 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 2677178 | ലൈഫ് ഭവന പദ്ധതി | 977178 | 1700000 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 1653425 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 0 | 1653425 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 153200 | ലൈഫ് ഭവന പദ്ധതി (എസ്. സി.) | 0 | 153200 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 166800 | ലൈഫ് ഭവന പദ്ധതി (എസ് റ്റി) | 0 | 166800 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| അനർട്ട് | സോളാർ വൈദ്യുതീകരണം | 1/29.05.2018 | 1900000 | 0 | 1900000 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

- ഇല്ല -

### 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലൈഫ് പദ്ധതി വായ്പയിനത്തിൽ ₹2,99,03,010/- വരവുണ്ട്. ആയത് പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം **കെ.യു.ആർ.ഡി.എഫ്.സി.** | 2101 28.11.2009 | 9000000 | 1501331.00 (20.03.2018)** | 849240.00 | 139047.00 | 652091.00 |
| ജവഹർ ഭവന പദ്ധതി | 294573 30.09.2015 | 21180000 | 17524710.00 (28.03.2018)** | 2924710.00 | 0.00 | 14600000.00 |
| ലൈഫ് ഭവന പദ്ധതി | - | - | 29903010.00 | 0.00 | 0.00 | 29903010.00 |

**(**) ലോൺ രജിസ്റ്റർ അടിസ്ഥാനമാക്കിയാണ് മുന്നിരിപ്പ് എടുത്തിരിക്കുന്നത്.**

### 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹2321239.00<br>(1677004 + 644235) |
| തൻവർഷം നിക്ഷേപിച്ച തുക | 0.00 |
| ആകെ | ₹2321239.00 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0.00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹2321239.00 |

വാർഷിക കണക്കുകൾ പ്രകാരം വർഷാവസാനത്തിൽ അവശേഷിക്കുന്ന തുക 2064425/-യാണ്. സ്ഥാപനം ലഭ്യമാക്കിയ രേഖകൾ പ്രകാരം സ്ഥിര നിക്ഷേപം ₹23,21,239/-യാണ്. സ്ഥിര നിക്ഷേപം യഥാസമയം പുതുക്കാത്തതിനാലും ലഭിച്ച പലിശ മുതലിനോട് കൂട്ടിച്ചേർക്കാത്തതിനാലും ഗണ്യമായ തുക നഷ്ടമാകുന്നു. വിശദാംശങ്ങൾ **ഭാഗം** 1 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക ₹ | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഇടുക്കി ജില്ലാ സഹകരണ ബാങ്ക് | 27.08.2008 | 12 മാസം | 1677004.00 | - |
| 2 | ഇടുക്കി ജില്ലാ സഹകരണ ബാങ്ക് | 25.11.2009 | 60 ദിവസം | 644235.00 | - |
| | | | **ആകെ** | **2321239.00** | |

### 4-7 ഓഡിറ്റ് റിക്കവറി

– ഇല്ല –

### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 33 | 2002-03 | 7.6.6(ii) | 1999-2000വർഷത്തിൽ എസ്.സി.പി. വിഭാഗത്തിലുള്ളവർക്ക് നടീൽ വസ്തുക്കൾ വിതരണം (കശുമാവിൻ തൈകൾ) ചെയ്തതിൽ 20.8.1998 ലെ സ.ഉ.(പി) നമ്പർ 175/98 /ത.ഭ.വ. എന്ന ഉത്തരവിൽ നിഷ്കർഷിച്ച പരിധിയിലുമധികം സബ്സിഡി നൽകിയതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറുടെ പേരിൽ ₹57,000/- ബാദ്ധ്യത നിശ്ചയിച്ചത് | പഞ്ചായത്തിന് നഷ്ടമായ ₹57,000/- ശ്രീ. ജോർജ് വി. തോമസിൽ നിന്നും ഈടാക്കി നൽകുന്നതിന് ഇടുക്കി പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് 11.09.2012ൽ കത്ത് സമർപ്പിച്ചിട്ടുള്ളതാണ് |
| | | 2013-14 | 5.2.4(1) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും – വിഷയാധിഷ്ഠിത അവലോകനം സ്കൂളുകളിലെ ശുദ്ധജല വിതരണം കാര്യക്ഷമമല്ല | ശുദ്ധജല വിതരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട് |
| | | 2013-14 | 5.2.4(9) | സ്കൂൾ ചുറ്റുമതിൽ ഇല്ലാത്തത് | സ്ഥലത്തിന്റെ ഉടമ ജില്ലാപഞ്ചായത്ത് ആണ്. ചുറ്റുമതിൽ നിർമ്മിക്കുവാൻ ജില്ലാ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട് |
| | | 2013-14 | 5.2.4(16) | വിദ്യാഭ്യാസ മേഖലയ്ക്ക് വകയിരുത്തുന്ന തുകകൾ അപര്യാപ്തം | വിദ്യാഭ്യാസ മേഖലയ്ക്ക് ആവശ്യമായ തുക വകയിരുത്തുന്നുണ്ട് |
| | | 2013-14 | 5.2.4(18) | സ്കൂൾ വിദ്യാഭ്യാസ മേഖലയും സർവശിക്ഷാ അഭിയാനും | സർവ ശിക്ഷാ അഭിയാൻ അധികാരികൾക്ക് ആവശ്യമായ നിർദ്ദേശം നല്കിയിട്ടുണ്ട് |
| 2015-16 | 2-2 | 2016-17 | അനുബന്ധം-4 | വസ്തു നികുതി അപാകതകൾ | |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് ₹ | | സ്വയം അടവാക്കിയ തുക ₹ (രസീത് നമ്പർ/ തീയതി) | ചാർജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ? ഉണ്ട്/ഇല്ല | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക ₹ (തീയതി) | കോടതി വ്യവഹാരങ്ങളിൽ ₹ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1996-97 | 30 | ശ്രീ. ഇ. എ. ആന്റണി സെക്രട്ടറി | LF-25784/ Spl.Cell/ SC2/99/ 02.03.2001 | 661.00 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 661.00 | |
| 2 | 1996-97 | 31 | ശ്രീ. ഇ. എ. ആന്റണി സെക്രട്ടറി | LF-25784/ Spl.Cell/ SC2/99/ 02.03.2001 | 3262.45 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 3262.45 | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക ₹ (രസീത് നമ്പർ/ തീയതി) | ചാർജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? ഉണ്ട്/ഇല്ല | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക ₹ (തീയതി) | കോടതി വ്യവഹാരങ്ങളിൽ ₹ | | ആകെ ലഭ്യമായ തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1996-97 | 36 | ശ്രീ. ഇ. എ. ആന്റണി സെക്രട്ടറി | LF.25784 Spl.Cell./ SC2/99/ 02.03.01 | 1960 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1960 | |
| 2 | 1996-97 | 37 | ശ്രീ. കെ. പി. അബ്ദുൾ ഖാദർ കഞ്ഞ് സെക്രട്ടറി | LF.25784/ Spl.Cell./ SC2/99/ 03.12.01 | 7532 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 7532 | |
| 3 | 2000-01 | 32 | ശ്രീ. ഇ. എ. ആന്റണി സെക്രട്ടറി | ലഭ്യമല്ല | 8580 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 8580 | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 4 | 2000-01 | 33 | ശ്രീ. പി. ജെ. ജോസഫ് സെക്രട്ടറി | LF.11729/ Spl.Cell./ SC2/05/ 04.07.06 | 9499 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 9499 | |
| 5 | 2000-01 | 34 | ശ്രീ. പി. ജെ. ജോസഫ് സെക്രട്ടറി | LF.11729/ Spl.Cell./ SC2/05/ 04.07.06 | 1139 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1139 | |
| 6 | 2000-01 | 37 | ശ്രീ. ഇ. എ. ആന്റണി സെക്രട്ടറി | LF.11729/ Spl.Cell./ SC2/05/ 13.11.06 | 27476 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 27476 | |
| 7 | 2000-01 | 43 | ശ്രീ. ബിജു പി. എൻ. അസി. എൻജിനീയർ | LF.11729/ Spl.Cell./ SC2/05/ 13.11.06/ 14.02.07 | 873 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 873 | |
| 8 | 2003-04 | 3-6 | ശ്രീ. കെ. ജെ. ജോൺസൺ അസി. എൻജിനീയർ | LF.2502/ Spl.Cell./ SC2/08/ 12.05.10 | 1403 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1403 | |
| 9 | 2003-04 | 3-7 | ശ്രീ. കെ. ജെ. ജോൺസൺ അസി. എൻജിനീയർ | LF.2502/ Spl.Cell./ SC2/08/ 12.05.10 | 1881 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1881 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹130419082 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹10,57,73,778 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹1,78,283 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹21,77,434 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 110000 | ശ്രീ, സിജോഷ് ജോർജ്ജ്<br>വി.ഇ.ഒ. |
| 3-2 | - | 42033 | ശ്രീമതി. അമ്മു ചന്ദ്രൻ<br>അസ്സിസ്റ്റൻറ് എഞ്ചിനീയർ |
| 3-3 | - | 26250 | ശ്രീമതി. ഷിബുമോൾ മോഹനൻ<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 (എ) | 82715 | ശ്രീമതി ഷിബുമോൾ മോഹനൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-21 (ബി) | 198000 | ശ്രീമതി ഷിബുമോൾ മോഹനൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-23 | 1200000 | ശ്രീ. വി. വിനോദ് കുമാർ, സെക്രട്ടറി |
| 1-24 | 200000 | ഡോ. സരീഷ് ചന്ദ്രൻ, മെഡിക്കലാഫീസർ, പി.എച്ച്.സി |
| 1-29 | 29219 | ശ്രീമതി. രാജി ചന്ദ്രൻ, മെമ്പർ |
| | 29219 | ശ്രീ. സജി ജോസ്, മെമ്പർ |
| | 29219 | ശ്രീമതി. റ്റിൻസി തോമസ്, മെമ്പർ |
| | 29219 | ശ്രീമതി. റാണി ഷാജി, മെമ്പർ |

| | | |
|---|---|---|
| | 29219 | ശ്രീ. തോമസ് ജോണി, മെമ്പർ |
| | 29219 | ശ്രീ. തങ്കച്ചൻ മത്തായി, മെമ്പർ |
| | 29219 | ശ്രീ. റോബിൻ ജോസഫ്, മെമ്പർ |
| | 29219 | ശ്രീമതി. ഷീബ ജയൻ, പ്രസിഡന്റ് |
| | 29219 | ശ്രീമതി. പുഷ്പ ഗോപി, മെമ്പർ |
| | 29219 | ശ്രീമതി. സിത്താര ജയൻ, മെമ്പർ |
| | 29219 | ശ്രീമതി. ബിന്ദു അഭയൻ, മെമ്പർ |
| | 29219 | ശ്രീ. ജോസ് പൗലോസ്, മെമ്പർ |
| | 29219 | ശ്രീ. പ്രദീപ് എം. എം., മെമ്പർ |
| | 29218 | ശ്രീ. സജീവൻ നാരായണൻ, മെമ്പർ |
| | 29218 | ശ്രീ. ജോഷ്വാ ദേവസ്യാ, മെമ്പർ |
| | 29218 | ശ്രീ. സന്തോഷ് കുമാർ, മെമ്പർ |
| | 29218 | ശ്രീമതി. രാജേശ്വരി രാജൻ, മെമ്പർ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**– ഇല്ല –**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**– ഇല്ല –**

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | | |
| ഡോ. സരീഷ് ചന്ദ്രൻ,<br>മെഡിക്കലാഫീസർ, സി.എച്ച്.സി | മെഡിക്കലാഫീസർ<br>സി.എച്ച്.സി | വാഴേമ്യാലിൽ, രാജമുടി പി. ഒ.<br>16-ാം കണ്ടം, മുരിക്കാശ്ശേരി |
| ശ്രീമതി. ഷിബുമോൾ മോഹനൻ<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ<br>കഞ്ഞിക്കുഴി | വെട്ടിക്കാട്ടിൽ വീട്<br>പഴയരിക്കണ്ടം പി. ഒ.<br>പിൻ – 685606 |
| ശ്രീ. സിജോഷ് ജോർജ്<br>വി. ഇ. ഒ. | വി.ഇ.ഒ.<br>കഞ്ഞിക്കുഴി | ചെറ്റാക്കാരിക്കൽ വീട്<br>പൂഞ്ഞാർ പി. ഒ. |
| ശ്രീമതി. അമ്മു ചന്ദ്രൻ<br>അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ<br>ഇടവെട്ടി | പാണംപറമ്പിൽ<br>കുടയത്തൂർ പി.ഒ. |
| ശ്രീമതി. രാജി ചന്ദ്രൻ<br>മെമ്പർ | മെമ്പർ | പാറയ്ക്കൽ<br>തട്ടേക്കണ്ണി പി.ഒ. |
| ശ്രീ. സജി ജോസ്<br>മെമ്പർ | മെമ്പർ | കാഞ്ഞിരന്താനം<br>കീരിത്തോട് പി.ഒ. |
| ശ്രീമതി. റ്റിൻസി തോമസ്<br>മെമ്പർ | മെമ്പർ | മുണ്ടയ്ക്കാട്ട്<br>കീരിത്തോട് പി.ഒ. |
| ശ്രീമതി. റാണി ഷാജി<br>മെമ്പർ | മെമ്പർ | പള്ളിക്കരയിൽ<br>ചേലച്ചുവട് പി.ഒ. |
| ശ്രീ. തോമസ് ജോണി<br>മെമ്പർ | മെമ്പർ | വെള്ളപ്ലാക്കൽ<br>ചേലച്ചുവട് പി.ഒ., കത്തിപ്പാറ |
| ശ്രീ. തങ്കച്ചൻ മത്തായി<br>മെമ്പർ | മെമ്പർ | കുത്തുപാറയ്ക്കൽ<br>മണിപ്പാറ പി.ഒ., അട്ടിക്കളം |
| ശ്രീ. റോബിൻ ജോസഫ്<br>മെമ്പർ | മെമ്പർ | കുന്നംപുറത്ത്<br>ആൽപ്പാറ പി.ഒ., ചുരുളി |

| | | |
|---|---|---|
| | | |
| ശ്രീമതി. ഷീബ ജയൻ<br>മെമ്പർ | മെമ്പർ | വട്ടശ്ശേരിയിൽ<br>ആൽപ്പാറ പി.ഒ., മഴുവടി |
| ശ്രീമതി. പുഷ്പ ഗോപി<br>മെമ്പർ | മെമ്പർ | ചുക്കുറുമ്പേൽ<br>കഞ്ഞിക്കുഴി പി.ഒ. |
| ശ്രീമതി. സിത്താര ജയൻ<br>മെമ്പർ | മെമ്പർ | പാണ്ടൻചേരിൽ<br>കീരിത്തോട് പി. ഒ., പുന്നയാർ |
| ശ്രീമതി. ബിന്ദു അഭയൻ<br>മെമ്പർ | മെമ്പർ | കഠിയാംപൊയ്കയിൽ<br>കഞ്ഞിക്കുഴി പി.ഒ. |
| ശ്രീ. ജോസ് പൗലോസ്<br>മെമ്പർ | മെമ്പർ | ഊരക്കാട്ടിൽ<br>കഞ്ഞിക്കുഴി പി. ഒ. |
| ശ്രീ. പ്രദീപ് എം. എം.<br>മെമ്പർ | മെമ്പർ | മാവേലിൽ<br>കഞ്ഞിക്കുഴി പി. ഒ. |
| ശ്രീ. സജീവൻ നാരായണൻ<br>മെമ്പർ | മെമ്പർ | തേനിക്കാകുടിയിൽ<br>പഴയരിക്കണ്ടം പി.ഒ. മക്കുവള്ളി |
| ശ്രീ. ജോഷ്വാ ദേവസ്യാ<br>മെമ്പർ | മെമ്പർ | തെരുവപറമ്പിൽ<br>വെൺമണി പി. ഒ.<br>തെക്കൻതോണി |
| ശ്രീ. സന്തോഷ് കുമാർ<br>മെമ്പർ | മെമ്പർ | മൈലമൂട്ടിൽ<br>പഴയരിക്കണ്ടം പി.ഒ., മൈലപ്പുഴ |
| ശ്രീമതി. രാജേശ്വരി രാജൻ<br>മെമ്പർ | പ്രസിഡന്റ് | ഇറകുത്തിയിൽ<br>പഴയരിക്കണ്ടം പി. ഒ. |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക (എണ്ണം) | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക(നമ്പർ) |
|---|---|---|---|
| 1977-78 | എൽ.എഫ്.ഐ-9/485/99/10.11.1998 | | |
| 1978-79 | | | |
| 1979-80 | | | |
| 1980-81 | | | |
| 1981-82 | | | |
| 1982-83 | | | |
| 1983-84 | | | |
| 1984-85 | എൽ.എഫ്.ഐ-6/679/89/11.07.1990 | | |
| 1985-86 | എൽ.എഫ്.ഐ-6/565/90/05.10.1990 | | |
| 1986-87 | എൽ.എഫ്.ഐ-6/408/92/12.11.1992 | | |
| 1987-88<br>1988-89 | എൽ.എഫ്.ഐ-6/648/92/12.11.1992 | | |
| 1989-90 | എൽ.എഫ്.ഐ-6/200/93/23.11.1993 | | |
| 1990-91<br>1991-92 | എൽ.എഫ്.ഐ-6/440/93/23.11.1993 | | |
| 1992-93<br>1993-94 | എൽ.എഫ്.ഐ-6/444/94/17.10.1994 | | |
| 1994-95 | എൽ.എഫ്.ഐ-6/374/97/09.10.1997 | | |
| 1996-97 | എൽ.എഫ്.ഐ-9/132/98/20.10.1999 | 4 | 30,31,36,37 |
| 1999-00 | എൽ.എഫ്.ഐ-9/469/01/26.06.2002 | 2 | 29,33 |

| | | | |
|---|---|---|---|
| 2000-01 | എൽ.എഫ്.ഐ-9/452/03/31.12.2003 | 5 | 32,33,34,37,43 |
| 2002-03 | എൽ.എഫ്.ഐ-9/690/04/06.05.2005 | 1 | 3-7 |
| 2003-04 | എൽ.എഫ്.ഐ-9/243/06/12.12.2006 | 2 | 3-6,3-7 |
| 2006-07 | എൽ.എഫ്.ഐ-9/875/09/23.07.09 | 12 | 2-1 മുതൽ 2-9 വരെ<br>3-1 മുതൽ 3-3 വരെ |
| 2007-08 | എൽ.എഫ്.ഐ-13/778/11/18.06.12 | 29 | 2-1 മുതൽ 2-10 വരെ,<br>3-1, 3-2,<br>3-4 മുതൽ 3-20 വരെ |
| 2008-09 | എൽ.എഫ്.ഐ-13/779/11/07.10.11 | 12 | 2-1 മുതൽ 2-6 വരെ<br>3-1 മുതൽ 3-6 വരെ |
| 2009-10 | എൽ.എഫ്.ഐ-13/780/11/07.10.11 | 19 | 2-1 മുതൽ 2-9 വരെ3-4,<br>3-1 മുതൽ 3-10 വരെ |
| 2010-11 | എൽ.എഫ്.ഐ-13/1403/13/01.12.14 | 6 | 2-1 മുതൽ 2-3 വരെ<br>3-1 മുതൽ 3-3 വരെ3-4, |
| 2011-12 | എൽ.എഫ്.ഐ-13/802/14/01.12.14 | 15 | 2-1 മുതൽ 2-4 വരെ<br>3-1, 3-2, 3-4,<br>3-6 മുതൽ 3-13വരെ |
| 2012-13 | എൽ.എഫ്.ഐ-13/1330/14/07.01.14 | 12 | 2-1 മുതൽ 2-4 വരെ<br>3-1 മുതൽ 3-8 വരെ |
| 2013-14 | കെ എസ് എ-ഐ ഡി കെ-13/459/16/31.08.16 | 11 | 1-10, 2-1, 3-1,<br>3-3മുതൽ 3-10 വരെ |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ-13/1370/16/16.10.16 | 14 | 2-1 മുതൽ 2-7 വരെ<br>3-1 മുതൽ 3-7 വരെ |

| | | | |
|---|---|---|---|
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-13/328/17/18.04.17 | 11 | 2-1 മുതൽ 2-3 വരെ<br>3-1 മുതൽ 3-4 വരെ<br>3-6 മുതൽ 3-9 വരെ |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ-13/1665/17/01.01.18 | 14 | 1-12,<br>2-1 മുതൽ 2-4 വരെ<br>3-1 മുതൽ 3-19 വരെ |
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ-13/1401/2018/30.4.2019 | 22 | 1-12,2-1,2-3,3-1, 3-2, 3-3,<br>3-4,3-5, 3-6, 3-7,3-8, 3-9,<br>3-10,3-11,3-12,3-13,3-14,<br>3-15,3-16,3-17,3-18, 3-19 |

**ഡെപ്യൂട്ടി ഡയറക്ടർ**

**ഇടുക്കി**

**അനുബന്ധം - 1**

**ഓഡിറ്റ് സർട്ടിഫിക്കറ്റ്**

**നം.കെ.എസ്.എ-ഐ.ഡി.കെ-13/984/2019**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ – 685 584
ഫോൺ : 04862-227332
***ഇ-മെയിൽ : doidk.ksad@kerala.gov.in***
തീയതി. 30.11.2019

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, ഇവ അനുസരിച്ചും 22.05.2018ലെ(സാധാ)1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച

ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, ഇടുക്കി ജില്ലയിലെ **ഇടുക്കി-കഞ്ഞിക്കുഴി** ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19ലെ വാർഷിക ധനകാര്യ പത്രിക, കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

Annexure – 2

**AUDIT CERTIFICATE**

No.KSA-IDK-11/997/2019

Office of the Senior Deputy Director of
Kerala State Audit Department
District Office, Idukki
Thodupuzha – 685 584
Phone : 04862-227332
*E-mail : doidk.ksad@kerala.gov.in*
Date. 16.01.2019

Certified that I have audited the Annual Financial Statement of **ADIMALY** Grama Panchayat in **IDUKKI DISTRICT** for the year ended on **31.03.2019** in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Panchayat Raj Act 1994, the rules made under and the guidelines issued by the Comptroller and Auditor General of

India for the purpose of audit of accounts in Panchayath Raj Institutions.

In my opinion, the Financial Statements of **ADIMALY** Grama Panchayat for the **2018-19**, except the observations in my Audit Report Properly presents the picture of Income and Expenditure.

**DEPUTY DIRECTOR**